മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *331

**സംരംഭക വർഷം പദ്ധതി**

(*331) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതി പ്രതീക്ഷിത ലക്ഷ്യത്തിലുമേറെ നേട്ടം കൈവരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയെക്കുറിച്ച് ചില കേന്ദ്രങ്ങൾ നടത്തുന്ന ദുഷ്പ്രചാരണം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വ്യവസായ വികസനം അസാധ്യമാക്കാൻ ചില നിക്ഷിപ്ത താത്പര്യക്കാർ നിക്ഷേപകരെ പിന്തിരിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കണോമിക് റിവ്യൂ പ്രകാരം വ്യവസായ മേഖലയിലും ഉല്പന്ന നിർമ്മാണ മേഖലയിലും സംസ്ഥാനം കൈവരിച്ച വളർച്ചാ നിരക്ക് എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) അൻപത് കോടിയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ ഏഴ് ദിവസത്തിനകം അനുമതി നൽകുമെന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച നിക്ഷേപ വാഗ്ദാനത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) 2022-23 സംരംഭക വർഷമായി കേരളാ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് പരമാവധി ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ലക്ഷം സംരംഭങ്ങൾ എന്ന ബൃഹത്തായ പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ മാർച്ച് 1 വരെയുള്ള കണക്കുപ്രകാരം 134,558 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി സംസ്ഥാനത്ത് 8039.27 കോടി രൂപയുടെ നിക്ഷേപവും 288,769 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. സംരംഭക വർഷം പദ്ധതി വഴി

ലക്ഷ്യമിട്ടതിനെക്കാളും കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

രാജ്യത്തിന്റെ ചരിത്രത്തിൽതന്നെ ചുരുങ്ങിയ കാലയളവിനുള്ളിൽ സൃഷ്ടിക്കപ്പെട്ട സംരംഭങ്ങളുടെ എണ്ണത്തിലും, സർക്കാർ ഒരുക്കി നൽകിയ പശ്ചാത്തല സൗകര്യം, വനിതാ സംരംഭകരുടെ എണ്ണം തുടങ്ങിയ നിരവധി റെക്കോർഡുകൾ സൃഷ്ടിച്ച ഈ പദ്ധതിയെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി അദ്ധ്യക്ഷത വഹിച്ച സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ കോൺഫറൻസിൽ രാജ്യത്തെ 'ബെസ്റ്റ് പ്രാക്ടീസായി' അംഗീകരിച്ചുകൊണ്ട് അവതരിപ്പിച്ചിരുന്നു.

പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുകയെന്നുള്ളതാണ് സംരംഭക വർഷം പദ്ധതിയുടെ ആത്യന്തികമായ ലക്ഷ്യം. സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുകയെന്നതിലുപരി സംരംഭങ്ങൾ തുടങ്ങാൻ അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നുള്ളതാണ് പ്രധാനം. ഏപ്രിൽ 1, 2022 മുതൽ പ്രവർത്തനം തുടങ്ങിയ എല്ലാ സംരംഭങ്ങളുടെയും വിവരങ്ങൾ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ

പോർട്ടലിൽ ശേഖരിക്കുന്നുണ്ട്. വിരലിലെണ്ണാവുന്ന ചില സംരംഭങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് പദ്ധതിക്കെതിരെ പ്രചാരണങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അവ വസ്തുതാപരമാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. സംരംഭക വർഷത്തിന്റെ ഭാഗമായി തുടങ്ങിയ സംരംഭങ്ങളുടെ ഡാറ്റ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി കൃത്യമായ ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്.

(ബി) ചില ഒറ്റപ്പെട്ട ശ്രമങ്ങൾ നടക്കുന്നുണ്ട്. എന്നാൽ, പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംരംഭങ്ങളുടെ വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുകയെന്നുള്ളതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ഇതിനു വേണ്ട വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് നയങ്ങൾ, വിവിധ പരിശീലന പരിപാടികൾ, വിപണനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ എന്നിവ കൂടാതെ സംരംഭക വർഷത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികളും ഈ മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിരിക്കുന്നു. വ്യവസായ

വികസനം സാധ്യമാക്കുന്നതിനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കിക്കൊണ്ട് നിലവിൽ പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കേരളത്തിൽ ആഭ്യന്തര ഉല്പാദനവും തൊഴിൽ/സംരംഭ/നിക്ഷേപ അവസരങ്ങളും വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 'മേക്ക് ഇൻ കേരള' പദ്ധതിയ്ക്ക് 1000 കോടി രൂപ അധികമായി പ്രഖ്യാപിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നിലവിലുള്ള സംരംഭങ്ങളിൽനിന്ന് തിരഞ്ഞെടുത്ത 1000 സംരംഭങ്ങൾക്ക് 4 വർഷംകൊണ്ട് 1,00,000 കോടി വിറ്റുവരവ് കൈവരിക്കുന്ന രീതിയിലുള്ള ഒരു സ്കെയിൽ അപ്പ് പദ്ധതി നടപ്പിലാക്കാൻ പോകുന്നു. 2022-23-ൽ 'സംരംഭക വർഷം' പദ്ധതിയിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ ഒരു ലക്ഷത്തിലധികം സംരംഭങ്ങളാണ് സംസ്ഥാനത്ത് പുതുതായി തുടങ്ങിയത്. ഇവയുടെ സുസ്ഥിരതയ്ക്കും വളർച്ചയ്ക്കുമായി വിവിധ പദ്ധതികളും മെന്റർഷിപ് സേവനങ്ങളും ലഭ്യമാകുന്നതാണ്.

(സി) ഇക്കണോമിക് റിവ്യൂ പ്രകാരം വ്യവസായ മേഖലയിലെ വളർച്ചാ നിരക്ക് 17.3 ശതമാനവും ഉല്പന്ന നിർമ്മാണ മേഖലയിലെ വളർച്ചാ നിരക്ക് 18.9 ശതമാനവുമാണ്.

(ഡി) മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ആക്ട്, 2021' നിലവിൽവന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിക്കുകയും ചെയ്തു. ഇപ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനും പ്രോസസ്സ് ചെയ്യുന്നതിനും കെ-സ്വിഫ്റ്റിൽ ഒരു പ്രത്യേക മൊഡ്യൂൾ തയ്യാറാക്കിവരുന്നു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, 'സംരംഭക വർഷം' പദ്ധതി വളരെ അഭിമാനകരമായി മുന്നേറുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയെയും പ്രത്യേകമായി അഭിനന്ദിക്കുന്നു. പ്രധാനമന്ത്രി അദ്ധ്യക്ഷത വഹിച്ച ചീഫ്സെക്രട്ടറിമാരുടെ അവലോകനയോഗത്തിൽ ഒരു ലക്ഷം സംരംഭക പദ്ധതിയെക്കുറിച്ച് രാജ്യത്തെതന്നെ ബെസ്റ്റ് പ്രാക്ടീസ് ഇൻ MSME സെക്ടർ എന്നൊരു വിലയിരുത്തലുണ്ടായി. ഏത് സാഹചര്യത്തിലാണ് അങ്ങനെയൊരു വിലയിരുത്തൽ ഉണ്ടായത്?

<u>ശ്രീ. പി. രാജീവ്</u>: സർ, ചീഫ്സെക്രട്ടറിമാരുടെ യോഗം ബഹുമാനപ്പെട്ട പ്രധാനമന്ത്രി വിളിച്ചുചേർക്കുന്നതിന് മുന്നോടിയായി എല്ലാ സംസ്ഥാനങ്ങളോടും ഓരോരോ മേഖലകൾക്കകത്തുള്ള ബെസ്റ്റ് പ്രാക്ടീസ് സമർപ്പിക്കാനാവശ്യപ്പെട്ടിരുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും വ്യവസായ മേഖലയിൽ അവരവർ കണ്ടിട്ടുള്ള ബെസ്റ്റ് പ്രാക്ടീസ് അവതരിപ്പിക്കുകയും അതിൽനിന്ന് ഷോർട്ട് ലിസ്റ്റ് ചെയ്ത പദ്ധതികൾ തെരഞ്ഞെടുക്കപ്പെട്ട മുതിർന്ന ഉദ്യോഗസ്ഥരുടെ മുൻപിൽ അവതരിപ്പിക്കുകയും ചെയ്തു. പരിശോധനയുടെ ഫലമായി MSME സെക്ടറിലെ ഇന്ത്യയിലെ ബെസ്റ്റ് പ്രാക്ടീസായി ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കാനുള്ള 'സംരംഭക വർഷം' പദ്ധതി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ശ്രീ. കെ. വി. സുമേഷ്: സർ, ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന സംരംഭകത്വ പദ്ധതിയുടെ ഭാഗമായി വലിയ മുന്നേറ്റം നമ്മുടെ സംസ്ഥാനത്തുണ്ടായി. ആരംഭിച്ച സംരംഭങ്ങൾ നിലനിർത്താൻ, സംരംഭകരെ സഹായിക്കാൻ എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രസക്തമായൊരു ചോദ്യമാണ്. നമ്മുടെ രാജ്യത്ത് MSME സെക്ടറിൽ പുതിയതായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് 30 മുതൽ 40 ശതമാനംവരെയാണ് മോർട്ടാലിറ്റി റേറ്റ്. എന്നാൽ സ്റ്റാർട്ടപ്പുകളുടെ ഇന്ത്യയിലെ മോർട്ടാലിറ്റി റേറ്റ് 80 ശതമാനത്തോളമാണ്. ഇത് രണ്ടും പരിഗണിച്ചുകൊണ്ട് നിലവിൽ ആരംഭിച്ച സംരംഭങ്ങൾ നിലനിർത്തുന്നതിനുള്ള വിവിധ തലത്തിലുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും MSME ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. സാമ്പത്തിക മാനേജ്മെന്റ്, ടെക്നോളജി, മാർക്കറ്റിംഗ് ഈ മേഖലകളിലെന്തെങ്കിലും പ്രശ്നമുണ്ടായാൽ ഉടൻതന്നെ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് പാനൽ ഓഫ് എക്സ്പേർട്ട്സും പാനൽ

ഓഫ് ഇൻസ്റ്റിറ്റ്യൂഷനെയും ലിസ്റ്റ് ചെയ്തിട്ടുണ്ട്. അതിനാവശ്യമായ റെമ്യൂണറേഷൻ ഗവൺമെന്റ് നൽകും. ഇതുകൂടാതെ ഈ സംരംഭങ്ങൾ നിലനിർത്തുന്നതിനായുള്ള വിപുലമായൊരു പദ്ധതിയുടെ ഭാഗമായി മാർച്ച് 31 കഴിഞ്ഞാൽ, സംരംഭക വർഷത്തിന്റെ ഈ വർഷത്തെ പ്രധാന പരിപാടി കഴിഞ്ഞാൽ ഇന്റേൺസ് എല്ലാ സംരംഭങ്ങളും നേരിട്ട് സന്ദർശിക്കാനാവശ്യപ്പെട്ടിട്ടുണ്ട്. ആ സംരംഭങ്ങളിൽ ഇപ്പോൾ കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിച്ചത്, എന്തെങ്കിലും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നത് തുടങ്ങിയവ വിവിധ കളറുകളിൽ ഓൺലൈനിൽതന്നെ എന്റർ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ആവശ്യമായ പിന്തുണ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതുകൂടാതെ ഇവ നിലനിർത്തുന്നതിനുള്ള സസ്റ്റെയിനബിൾ പ്ലാൻ ഈ ബഡ്ജറ്റിന്റെ ഭാഗമായി അടുത്ത സാമ്പത്തിക വർഷം ആലോചിക്കുന്നുണ്ട്. ആവശ്യമായ ഹാന്റ് ഹോൾഡ് നൽകിക്കൊണ്ട് നിലവിലുള്ള സംരംഭങ്ങൾ പ്രധാനമായും നിലനിർത്തുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുമായി യോഗം ചേരുകയുണ്ടായി. സഹകരണ വകുപ്പുകളുടെ സ്റ്റോർറൂമുകളിലും

കൺസ്യൂമർഫെഡിന്റെ ഷോപ്പുകളിലും കേരളത്തിലുല്പാദിപ്പിക്കുന്ന ചെറുകിട സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് പ്രത്യേകമായൊരു സ്ഥലം കണ്ടെത്താമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുകയുണ്ടായി, റേഷൻ ഷോപ്പുകളുടെ മുഖം മാറുന്നതിനനുസരിച്ച് ആ പഞ്ചായത്തിനകത്ത് ഉല്പാദിപ്പിച്ചിട്ടുള്ള വിവിധ സ്വഭാവത്തിലുള്ള ഉല്പന്നങ്ങളുടെ വിപണനത്തിനുവേണ്ടി റേഷൻ ഷോപ്പുകളിൽ പ്രത്യേക കൗണ്ടർ ആരംഭിക്കാമെന്നുള്ള പൊതുധാരണ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയും അറിയിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളും ചേർന്ന് ഇത് നിലനിർത്തുന്നതിനുള്ള ഒരു ബൃഹത്ത് പദ്ധതിയാണ് അടുത്ത വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങളും സംരംഭങ്ങളും നിലനിൽക്കില്ലെന്ന് വളരെക്കാലമായി ചില പ്രത്യേക വിഭാഗം ആളുകളും മാധ്യമങ്ങളും പരാമർശിക്കുന്നുണ്ട്. ഒരു മലയാളി സംരഭകനെ സംബന്ധിച്ചിടത്തോളം അവന്റെ ഏറ്റവും വലിയ വെല്ലുവിളി സംരംഭം തുടങ്ങാനുള്ള ആത്മവിശ്വാസം ആർജ്ജിക്കുകയെന്നതാണ്. ഈയൊരു ആക്ഷേപത്തിന് ഒരു പരിധിവരെ

വളമിട്ട് കൊടുത്തത് ലൈസൻസെടുത്ത് സംരംഭം ആരംഭിക്കുന്നതിനുള്ള സർക്കാർ നടപടികളും, നൂലാമാലകളും, ഉദ്യോഗസ്ഥരുടെ മനോഭാവവുമാണ്. എന്നാൽ കേരളത്തെക്കുറിച്ചുള്ള മോശം കാഴ്ചപ്പാട് മാറ്റി ചെറുതും വലുതുമായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ തുടങ്ങിയ പദ്ധതിയാണ് ഒരു വർഷം ഒരു ലക്ഷം സംരംഭകർ എന്ന ഈ പദ്ധതി. ഈ മഹത്തായ പദ്ധതി വിജയിക്കുന്നതിലൂടെ, ഒരു സംരംഭം വിജയിക്കുന്നതിലൂടെ അയാളുടെ കുടുംബവും ആ സംരംഭം സൃഷ്ടിക്കുന്ന തൊഴിലവസരങ്ങളിലൂടെ ഒട്ടനവധി പേരുടെ കുടുംബവും സ്വയംപര്യാപ്തത കൈവരിക്കും. പദ്ധതിയാരംഭിച്ച് 8 മാസംകൊണ്ട് ലക്ഷ്യംകണ്ട പദ്ധതി ഒരു വർഷം പൂർത്തിയാകുമ്പോൾ ഒന്നര ലക്ഷം സംരംഭങ്ങളെന്ന വലിയ റിസൾട്ടിലേക്കെത്തുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളം നിക്ഷേപസൗഹൃദമല്ലായെന്ന ചീത്തപ്പേര് മാറ്റുവാനും മലയാളികളുടെ മനസ്സിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും കഴിയുന്നതിനോടൊപ്പം കേരളത്തെ ചെറുകിട പറുദ്ദീസയാക്കി മാറ്റാനും ഈ പദ്ധതിക്ക് കഴിഞ്ഞു.

മി. സ്പീക്കർ: യെസ്, യെസ്. പ്രസംഗത്തിനുപകരം ചോദ്യത്തിലേക്ക് വരൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ ചോദ്യത്തിലേക്ക് വരുകയാണ്. ഇത്തരത്തിൽ മികച്ച രീതിയിൽ മുന്നേറുന്ന മലയാളികളുടെ അഭിമാന പദ്ധതിക്കെതിരെ കേരളത്തിലെ ഒരു പ്രമുഖ മാധ്യമം ഒന്നോ രണ്ടോ ഒറ്റപ്പെട്ട സംഭവങ്ങളെടുത്തുകാട്ടി പദ്ധതിയാകെ താറടിക്കുവാനും നിക്ഷേപകരുടെ മനസ്സിൽ ഭീതി നിറയ്ക്കുവാനുമുള്ള ശ്രമം നടത്തുകയുണ്ടായി. ഈ കണക്കെല്ലാം തയ്യാറാക്കുന്ന ഉദ്യോഗസ്ഥർ മനുഷ്യരാണെന്നും അവർക്ക് മിനിമം 0.1 ശതമാനമെങ്കിലും തെറ്റുപറ്റാമെന്ന് കരുതിയാൽപോലും നൂറ് തെറ്റുകൾ ചുരുങ്ങിയത് ഉണ്ടാകാമെന്നിരിക്കെ ഒന്നോരണ്ടോ സംരംഭങ്ങളുടെ പേരിൽ കേരള വിരുദ്ധ പ്രചരണം ഈ മാധ്യമം സൃഷ്ടിച്ചത്, ഈ വാർത്തയെ പിന്തുടർന്ന് ഒരു ജില്ലയിലെ നിക്ഷേപസംഗമം നടക്കുന്ന സ്ഥലത്തേയ്ക്ക് യൂത്ത്കോൺഗ്രസ് പ്രവർത്തകർ മാർച്ച് നടത്തുകയും സംഘർഷാവസ്ഥ സൃഷ്ടിക്കുകയും......

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, പ്രധാനപ്പെട്ടൊരു കാര്യമാണ്.

മി. സ്പീക്കർ: പ്രഭാഷണം നടത്താതെ പോയിന്റിലേക്ക് വരൂ.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഒരു മാധ്യമം സൃഷ്ടിച്ച വ്യാജ പ്രചരണത്തിൽപ്പെട്ട് ഒരു ജില്ലയിലെ നിക്ഷേപ സംഗമം നടക്കുന്ന സ്ഥലത്തേക്ക് യൂത്ത് കോൺഗ്രസ് യുവജനപ്രസ്ഥാനം മാർച്ച് നടത്തിയെന്ന ഗൗരവമുള്ള കാര്യമാണ് ഞാൻ ഉന്നയിക്കുന്നത്. ഇത് ശരിയാണോ? നമ്മുടെ നാട്ടിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഗവൺമെന്റ് മുൻകയ്യെടുത്താൽ അതിനെ അനുകൂലിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നതിനുപകരം അതിനെ താറ് അടിക്കാൻ ഒരു മാധ്യമം പ്രത്യേക പ്രതിനിധികളെ അയച്ചു. അത് ഈ നാടിന് അപമാനകരമല്ലേ?

<u>ശ്രീ. പി. രാജീവ്</u>: സർ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിൽ സംരംഭങ്ങൾ സാധ്യമാകും. നല്ലൊരു അന്തരീക്ഷം കേരളത്തിലുണ്ടെന്നൊരു ആത്മവിശ്വാസം സംരംഭക സമൂഹത്തിലും പൊതു സമൂഹത്തിലും സൃഷ്ടിക്കുന്നതിനാണ് സംരംഭക വർഷം പദ്ധതി ആവിഷ്കരിച്ചത്. ആ പദ്ധതിക്ക് എല്ലാ വകുപ്പുകളുടെയും ഏകോപനമാണ് ഏറ്റവും പ്രധാനമായി വേണ്ടത്. തദ്ദേശസ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ്, മത്സ്യബന്ധന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, വിനോദസഞ്ചാര വകുപ്പ്, തൊഴിൽ വകുപ്പ്, ധനകാര്യ വകുപ്പ് തുടങ്ങിയ വകുപ്പുകളെല്ലാം

ഏകോപിപ്പിച്ചുകൊണ്ടുള്ളൊരു പ്രവർത്തനത്തിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതല സമിതിയുണ്ടായിരുന്നു. എല്ലാ ജില്ലകളിലും പഞ്ചായത്ത് പ്രസിഡന്റുമാർ അദ്ധ്യക്ഷരായി സമിതി രൂപീകരിച്ചിരുന്നു. മണ്ഡലങ്ങളിൽ എം.എൽ.എ.-മാർ അദ്ധ്യക്ഷരായി സമിതി രൂപീകരിച്ചിരുന്നു. കക്ഷി രാഷ്ട്രീയത്തിനും മുന്നണി വ്യത്യാസത്തിനുമതീതമായി എല്ലാ എം.എൽ.എ.-മാരും അതത് മണ്ഡലങ്ങളിലെ റിവ്യൂവിലും വിവിധ പരിപാടികളിലും പങ്കെടുത്തിട്ടുണ്ട്. ചില എം.എൽ.എ.-മാർ നമ്മൾ ആവിഷ്കരിച്ചതിലുമപ്പുറത്തേക്ക് സംരംഭകരെതന്നെ പ്രത്യേകം ക്ഷണിച്ചുകൊണ്ട് വലിയ സംരംഭക സംഗമം നടത്തിയിരുന്നു. പഞ്ചായത്ത് ഭരണസമിതികൾ നല്ല രീതിയിൽ പ്രവർത്തിച്ചു. ഇന്റേണുകൾ പഞ്ചായത്തുകൾക്കകത്താണ് പ്രവർത്തിച്ചത്. ഇതിന്റെയെല്ലാം ഭാഗമായി നല്ല ആത്മവിശ്വാസം സംരംഭക സമൂഹത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. Ease of Doing Business (EoDB)-ന്റെ റാങ്ക് 28-ൽ നിന്ന് 15-ലേക്ക് ഉയരാൻ കഴിഞ്ഞുവെന്നത് ഏറെ അഭിമാനകരമാണ്. വ്യവസായ വളർച്ച 17.3-ലേക്ക് എത്തി. മാനുഫാക്ചറിംഗ് സെക്ടറിന്റെ കോൺട്രിബ്യൂഷൻ 18.9 ശതമാനത്തിലേക്കെത്തി. കേരളത്തിൽനിന്ന്

യു.എ.ഇ.-യിലേക്കുള്ള ഇന്ത്യയുടെ കരാറിന്റെ പുതിയ സാധ്യതകൂടി ഉപയോഗപ്പെടുത്തിയതിന്റെ ഭാഗമായി കയറ്റുമതിയിൽനിന്ന് കഴിഞ്ഞ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഈ സാമ്പത്തിക വർഷം 51 ശതമാനത്തിന്റെ വളർച്ചയുണ്ടായി എന്നത് ഓരോ മലയാളിക്കും അഭിമാനകരമാണ്. MSME ലോണുകൾ, ബാങ്കുകളെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം 10,000 കോടി രൂപ അധിക വായ്പ കേരളത്തിന് നൽകിയെന്നതും അഭിമാനകരമാണ്. അങ്ങനെയൊരു അന്തരീക്ഷത്തെ തടസ്സപ്പെടുത്തുന്നതിനായി ചില ഒറ്റപ്പെട്ട ശ്രമങ്ങളുണ്ടായി. അതെല്ലാം ശരിയായ രൂപത്തിൽ പുന:പരിശോധിച്ചു. സ്വാഭാവികമായി എന്തെങ്കിലും വീഴ്ചകളുണ്ടെങ്കിൽ ആ വീഴ്ചകളും ക്രിയാത്മകമായ വിമർശനങ്ങളുമെല്ലാം സ്വാഗതം ചെയ്യേണ്ടതാണ്. ഈ പദ്ധതിയാകെ ഒരു പ്രശ്നമാണെന്ന മട്ടിലുള്ള പ്രചാരണങ്ങൾ നിഷേധാത്മകമാണ്. അതിനെയാണ് ശക്തമായി എതിർത്തത്. എന്നാൽ ക്രിയാത്മകമായ എല്ലാ വിമർശനങ്ങളെയും സ്വാഗതം ചെയ്യുന്നു. വന്ന വിമർശനങ്ങളുടെ fact check ഉം ഓരോ പ്രശ്നവും മാധ്യമങ്ങൾ അവതരിപ്പിച്ചതിന്റെ fact check ഉം ജനറലായി മാധ്യമങ്ങൾ

അവതരിപ്പിച്ച fact check ഉം പ്രത്യേകമായി എടുത്തു. നല്ല രീതിയിലുള്ള മുന്നേറ്റമാണ് ഈ സംരംഭക വർഷത്തിന് ഉണ്ടായിട്ടുള്ളത്. ഓരോ മലയാളിക്കും കക്ഷി രാഷ്ട്രീയത്തിനതീതമായി അഭിമാനത്തോടുകൂടി പറയാവുന്നതാണ്, കേരളത്തിൽ സംരംഭങ്ങൾ സാധ്യമാകും, അതിന് കേരളം ഒറ്റക്കെട്ടാണ്. കഴിഞ്ഞ രണ്ട് നിയമസഭാ സമ്മേളനങ്ങൾക്കുമുമ്പ് ഇവിടെവച്ചുതന്നെ എങ്ങനെയാണ് എം.എൽ.എ.-മാരുടെ ഇടപെടൽ എന്നതു സംബന്ധിച്ച് ശില്പശാല നടത്തുകയുണ്ടായി. എല്ലാവരും ഒറ്റക്കെട്ടായി നടത്തിയ പ്രവർത്തനങ്ങൾ ഇവിടേക്ക് കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിൽ സൃഷ്ടിക്കുന്നതിനും സഹായകരമാണ്. അത് ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുവരാൻ നാം ഒറ്റക്കെട്ടായി നിൽക്കുകയാണ് നാടിന് ആവശ്യം. ജനങ്ങളും സംരംഭക സമൂഹവും അതാണ് ആഗ്രഹിക്കുന്നത്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, സംരംഭക വർഷത്തിൽ നിലവിൽവന്ന സ്ഥാപനങ്ങൾ നിലനിന്നുപോകാനുള്ള സർക്കാർ പദ്ധതികളും വീടുകളിൽ നടത്തിവരുന്ന സൂക്ഷ്മസംരംഭങ്ങൾക്കുള്ള വൈദ്യുതിചാർജ്ജ് നിരക്കിനെ സംബന്ധിച്ചുള്ള ചർച്ചകളും

വ്യവസായസമൂഹത്തിൽ ഉയർന്നുവരുന്നുണ്ട്. ഒരു സംരംഭകൻ സംരംഭവുമായി ബന്ധപ്പെട്ട് നൽകുന്ന പരാതി 30 ദിവസത്തിനകം തീർപ്പുകല്പിക്കുന്ന ഒരു സംവിധാനം കേരളത്തിലുള്ളതുപോലെ രാജ്യത്തെവിടെയുമില്ലാതിരുന്നിട്ടാണ് പ്രതിപക്ഷം ഇവിടെ വിമർശിക്കുന്നത്. ക്രീയാത്മകമായി പ്രതിപക്ഷത്തിന് വിമർശിക്കാം. പക്ഷേ ചികിത്സ രോഗം മാറാനുള്ളതായിരിക്കണം; കൊല്ലാനുള്ളതാകാൻ പാടില്ല. പരാതിയുടെ വിചാരണവേളയിൽ പരാതി കേൾക്കുന്ന സംസ്ഥാന സമിതികൾക്ക് കോടതിക്കുതുല്യമായ അധികാരം നൽകിവന്ന ഉത്തരവ് നിലവിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള ഗുണപരമായിട്ടുള്ള മാറ്റങ്ങൾ വിശദീകരിക്കാമോ; മാറിയ കാലഘട്ടത്തിനനുസരിച്ച് അനുയോജ്യമായവിധം കേരളത്തിൽ ഒരു വ്യവസായനയം രൂപീകരിക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ഇതിന് രണ്ട് ഭാഗങ്ങളാണുള്ളത്. പരാതി പരിഹാര സംവിധാനം സംബന്ധിച്ച് ഈ സഭ ഏകകണ്ഠമായി നിയമം പാസാക്കിയിരുന്നു. വ്യവസായവുമായി ബന്ധപ്പെട്ട വിവിധ ലൈസൻസുകൾ നൽകാൻ ഇന്ന് കേരളത്തിൽ 17 ഡിപ്പാർട്ട്മെന്റുകൾക്കാണ്

അധികാരമുള്ളത്. അധികാരമില്ലാത്ത ഒരു വകുപ്പേയുള്ളൂ, അത് വ്യവസായ വകുപ്പാണ്. ബാക്കി ലൈസൻസുകളെല്ലാം നൽകുന്നത് മറ്റ് 17 വകുപ്പുകളാണ്. ഈ വകുപ്പുകളും വ്യവസായ വകുപ്പും ചേർന്നിട്ടുള്ള ഒരു സമിതിയാണ് സംസ്ഥാനതലത്തിൽ സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ മെക്കാനിസം എന്ന തരത്തിൽ രൂപീകരിച്ചിട്ടുള്ളത്. ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായി വിവിധ വകുപ്പുകളുടെ ജില്ലകളിലെ നേതൃത്വം നൽകുന്ന ആളുകൾകൂടി അംഗങ്ങളായൊരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കഴിഞ്ഞദിവസം അതിനൊരു പ്രത്യേക സോഫ്റ്റ്‌വെയർ അടിസ്ഥാനപ്പെടുത്തിയുള്ള ഓൺലൈൻ സംവിധാനം രൂപീകരിച്ചു. സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതോ നടത്തിക്കൊണ്ടുപോകുന്നതോ ആയി ബന്ധപ്പെട്ട ഏത് സേവനം സംബന്ധിച്ചുള്ള പരാതികളും ഓൺലൈനായി സമർപ്പിക്കാം. 30 ദിവസത്തിനുള്ളിൽ കമ്മിറ്റി തീർപ്പുകല്പിക്കണം. അത് തീർപ്പുകല്പിക്കാൻ ജില്ലാതല കമ്മിറ്റി വൈകിയാൽ ഓട്ടോമാറ്റിക്കായി ഓൺലൈനിൽ ഈ സോഫ്റ്റ് വെയർ വഴി അത് സംസ്ഥാനതല കമ്മിറ്റിയിലേയ്ക്ക് കൈമാറപ്പെടും. എടുക്കുന്ന തീരുമാനം എല്ലാ വകുപ്പ് ഉദ്യോഗസ്ഥന്മാരും 15 ദിവസത്തിനകം നടപ്പിലാക്കണം. ഒരു ദിവസം വൈകിക്കഴിഞ്ഞാൽ ഉദ്യോഗസ്ഥരിൽനിന്നും

ഫൈൻ ഈടാക്കാനും ഈ സംവിധാനത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരിൽനിന്നും വീഴ്ചയ്ക്ക് പതിനായിരം രൂപവരെ ഫൈൻ ഈടാക്കാനുള്ള സംവിധാനമാണ് കേരളത്തിലുള്ളത്. ഇന്ത്യയിലൊരിടത്തും ഈ രൂപത്തിലുള്ള സംവിധാനം ഇല്ലെന്നുള്ളത് നമുക്ക് സംരംഭക ആത്മവിശ്വാസം പകരുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കേരളത്തിന്റെ അഭിമാനമായ പരമ്പരാഗത വ്യവസായമാണ് കയർ വ്യവസായം. സമീപകാലത്ത് അത് നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമവും ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമവും അങ്ങേയറ്റം പ്രശംസനീയമാണ്. ഈ മേഖലയ്ക്ക് ഉണർവ്വും പുത്തൻ വിപണിയും കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ ആവിഷ്കരിക്കുന്നത്; കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗസാധ്യത കണ്ടെത്താനായി ഗവേഷണങ്ങളും പഠനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ഇത് പൊതുചോദ്യത്തിൽനിന്നും വേറിട്ടുള്ള ചോദ്യമാണെങ്കിലും ഗൗരവമായ പ്രശ്നമെന്ന നിലയിൽ മറുപടി പറയാം. കയർമേഖല ഒരു പ്രതിസന്ധിയെ നേരിടുന്നുണ്ട്. ആ പ്രതിസന്ധിയുടെ അടിസ്ഥാനകാര്യങ്ങൾ പരിശോധിക്കാനായി ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്. നമ്മുടെ ഉല്പാദനച്ചെലവ് കൂടുതലും അതിനനുസരിച്ച് വിപണിയില്ലെന്നുമുള്ള പ്രശ്നം നിലനിൽക്കുന്നുണ്ട്. കയർ കോർപ്പറേഷൻ ഓരോ വർഷവും പുതിയ ഗോഡൗണുകൾ വാങ്ങി സംഭരണം നടത്തിക്കൊണ്ടിരിക്കുകയും കയർ ഫെഡ് 17 ഗോഡൗണുകൾ സംഭരണത്തിനായി വാടകയ്ക്കെടുത്തിട്ടുള്ളതുമാണ്. ഓരോ വർഷവും ഓരോ പുതിയ ഗോഡൗണെടുത്ത് സംഭരിക്കുക എന്ന രീതിയാണ് പൊതുവെ സ്വീകരിച്ചുവരുന്നത്. അതിന്റെ വില്പനയുടെ കാര്യത്തിൽ വലിയ പരിമിതി നിലനിൽക്കുന്നുണ്ട്. നമ്മുടെ വിലയും മറ്റ് സംസ്ഥാനങ്ങളുടെ വിലയും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്ന് മാത്രമല്ല നമുക്ക് നൽകുന്ന സംഘങ്ങൾതന്നെ പുറത്ത് ഇതിനെക്കാളും കുറഞ്ഞവിലയ്ക്ക് വിൽക്കുന്നുണ്ട്. കയർ ഭൂവസ്ത്രം ഏകദേശം 60 രൂപയ്ക്ക് സംഘങ്ങളിൽനിന്നും വാങ്ങി 70 രൂപയ്ക്കാണ് നമ്മുടെ സ്ഥാപനങ്ങൾ വില്ക്കുന്നത്. എന്നാൽ ഇതേ സംഘങ്ങൾ 53 രൂപയ്ക്ക്

കേരളത്തിൽതന്നെ വിൽക്കുന്നതുപോലെയുള്ള അടിസ്ഥാനപരമായ കുറേയേറെ പ്രശ്നങ്ങൾ നേരിടേണ്ടതുണ്ട്. നല്ല രീതിയിലുള്ള ഒരു മാറ്റം കയർമേഖലയിൽ സൃഷ്ടിക്കുന്നതിന് ഈ കമ്മിറ്റിയുടെ പഠനം സഹായകരമായിരിക്കും. അതിനുമുന്നോടിയായി വിപണിയിൽ കെട്ടിക്കിടക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് സംബന്ധിച്ച ശിപാർശ നൽകാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. വലിയ ഇളവോടുകൂടി അത്തരം ഉല്പന്നങ്ങളും കയറും വിൽക്കുന്നതിനുള്ള കയർ ഫെഡും കയർ കോർപ്പറേഷനുമടങ്ങുന്ന സമിതിയുടെ ശിപാർശ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അത് പരിഗണിച്ചുകൊണ്ട് ആവശ്യമായ തീരുമാനമെടുക്കുന്നതിന് ആ കമ്മിറ്റി ശിപാർശ നൽകിയിട്ടുണ്ട്. അതോടൊപ്പം ബന്ധപ്പെട്ട കയറ്റുമതിക്കാർ മറ്റാളുകൾ എന്നിവരെ വിളിച്ചുചേർത്ത് പരമാവധി സംഭരിക്കുന്നതിനാവശ്യമായ തീരുമാനമെടുക്കുന്നതാണ്. പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് കയർ ഭൂവസ്ത്രത്തിന്റെ വിപണത്തിനാവശ്യമായ സൗകര്യമൊരുക്കിയിട്ടുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, പ്രതിരോധ വകുപ്പ്, റെയിൽവേ ഇവയൊക്കെയുമായി ബന്ധപ്പെട്ട് കയർ ഭൂവസ്ത്രത്തിന്റെയും കയർ ഉല്പന്നങ്ങളുടെ ഓൺലൈൻ

വിപണനത്തിനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്. വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ എല്ലാവരുമായി ചർച്ചചെയ്ത് ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പുതിയ വ്യവസായ സംരംഭക വർഷത്തെക്കുറിച്ചാണ് ചർച്ചചെയ്യുന്നത്. പുതിയ വ്യവസായങ്ങൾ തുടങ്ങി എന്നതിന്റെ പേരിൽ ഗവൺമെന്റ് പരാമർശിച്ച ഒരു ലക്ഷം പ്രവൃത്തികളിൽ ഉൾപ്പെട്ട ചില സംഗതികൾ വളരെ പരിഹാസ്യമായ രീതിയിലേയ്ക്കുപോയി. ഇവിടെ വ്യവസായ വികസനമുണ്ടാകേണ്ട എന്നോ നിങ്ങൾ ഭരിക്കുന്നതുകൊണ്ട് ഇതെല്ലാം മോശമാകണമെന്നോ ഉള്ള ഒരു കാഴ്ചപ്പാടും ഞങ്ങൾക്കില്ല. പക്ഷേ, ഞാൻ ഒന്നു പറയാം. മലപ്പുറത്ത് Thorappa Clinic എന്നു പറഞ്ഞിട്ട് ബാപ്പു ഹോമിയോ കെയർ നടത്തുന്ന ഒരു ഡോക്ടറുണ്ടായിരുന്നു. എല്ലാവരും അവിടെപ്പോയി എന്തെങ്കിലും മരുന്ന് വാങ്ങിവരും. അദ്ദേഹം മരണപ്പെട്ടിട്ട് 7 വർഷത്തോളമായി. ഇപ്പോൾ അദ്ദേഹത്തിന്റെ മകൻ അവിടെ ഹോമിയോ ഡോക്ടറായി തുടരുകയാണ്. നിങ്ങൾ തുടങ്ങിയെന്നുപറയുന്ന ഒരു ലക്ഷം പുതിയ സംരംഭങ്ങളിൽ ആദ്യം കാണിക്കുന്നത് മലപ്പുറത്തെ Thorappa Clinic-ആണ്. അതുപോലെ ചില

തട്ടുകടകൾ, ഹോട്ടലുകൾ തുടങ്ങി എന്തിനിങ്ങനെ പരിഹാസ്യമാക്കി, ഇതിന്റെ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അങ്ങുൾപ്പെടെയുള്ള എം.എൽ.എ.-മാർ എല്ലായിടത്തും മേൽനോട്ടം വഹിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തിൽ സ്വാഭാവികമായും ചില കുറവുകൾ ഞങ്ങളും പ്രതീക്ഷിക്കുന്നുണ്ട്. ഇപ്പോൾ 1751 ഇന്റേണൻസ് പ്രവർത്തിക്കുന്നു. അങ്ങ് പറഞ്ഞിട്ടുള്ളത് നോക്കുമ്പോൾ അത് മുഹമ്മദ് യൂനസ് ആണ്. ആ മുഹമ്മദ് യൂനസിന്റെ ഹോമിയോ ക്ലിനിക് നേരത്തെ പ്രവർത്തിച്ചിരുന്നതാകാമെന്ന് അങ്ങ് പറഞ്ഞതിനെ ഞാൻ തർക്കിക്കുന്നില്ല. അദ്ദേഹം ലൈസൻസിന് അപേക്ഷിച്ചിരിക്കുന്ന തീയതി 08-06-2022 ആണ്. അദ്ദേഹത്തിന്റെ ലൈസൻസിന്റെ അപേക്ഷയാണിത്. അദ്ദേഹത്തിന് കൊടുത്തിരിക്കുന്ന ലൈസൻസ് ഇതാണ്. അദ്ദേഹത്തിന് ലൈസൻസ് കൊടുത്തിരിക്കുന്നത് 07-11-2022-ലാതിനാൽ സ്വാഭാവികമായും ഗവൺമെന്റിന്റെ കണക്കിൽ ഇത് പുതിയ സ്ഥാപനമായാണ് വരുന്നത്. നിലവിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏതൊരു സ്ഥാപനവും രജിസ്റ്റർ ചെയ്യുമ്പോൾ പുതിയ സ്ഥാപനമായി വരുന്നത് സ്വാഭാവികമാണ്. ഒരു ഗവൺമെന്റ്

സ്ഥാപനത്തിൽ ഒരാൾ ജോലിചെയ്തുകൊണ്ടിരിക്കുന്നു, എന്നാൽ അത് രജിസ്റ്ററിലൊന്നുമില്ല. കുറച്ചുനാൾ കഴിഞ്ഞ് ആ വ്യക്തിക്ക് അവിടെ അപ്പോയ്മെന്റ് ഓർഡർ നൽകുകയും പി.എഫ്.-ഉം ഇ.എസ്.ഐ.-യും ലഭിക്കുമ്പോഴാണ് ഗവൺമെന്റിന്റെ കണക്കിൽ വരുന്നത്. അങ്ങ് പറഞ്ഞ പ്രശ്നവുമായി ബന്ധപ്പെട്ട് നിഷേധാത്മക വിമർശനം വന്നപ്പോൾ അതിനെ ശക്തമായി പ്രതിരോധിക്കുന്നതിനോടൊപ്പം പറഞ്ഞകാര്യങ്ങളിൽ എന്തെങ്കിലും വസ്തുതകളുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കുകയുണ്ടായി. ഇവിടെയുന്നയിച്ച ഓരോ കേസ്സിന്റെയും ഫാക്ട് ചെക്കിനെക്കുറിച്ച് ഞാൻ പറഞ്ഞു. ഇവിടെ ഉന്നയിച്ചതിൽ ഏതാണ് വസ്തുത എന്ന facts check ഞങ്ങൾ നടത്തിയിട്ടുണ്ട്. ഇങ്ങനെ ഒരു വിഷയം വന്ന സാഹചര്യത്തിൽ, ഇന്റേൺസിന്റെ സന്ദർശനത്തിൽ പറഞ്ഞിട്ടുണ്ട് നേരത്തെ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനങ്ങളിൽ ലൈസൻസുള്ളവയുണ്ടോ എന്നകാര്യം പ്രത്യേകിച്ച് ഒന്നുകൂടി ഇതിന്റെ ഭാഗമായെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്തായാലും അങ്ങയുടെ മണ്ഡലത്തിലുൾപ്പെടെ നമ്മുടെ നാട്ടിൽ നല്ല ആത്മവിശ്വാസം വന്നിട്ടുള്ളതിനാൽ എല്ലാ എം.എൽ.എ.-മാരും ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. ഓരോ

എം.എൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുടെ പൂർണ്ണവിവരങ്ങളുണ്ട്. അതുമായി ബന്ധപ്പെട്ട് ഓരോ എം.എൽ.എ.-മാരും പഞ്ചായത്ത് മെമ്പർമാരും പങ്കെടുത്ത് ഉത്ഘാടനം ചെയ്ത സ്ഥാപനങ്ങളുടെ എല്ലാ കണക്കുകളും സർക്കാരിൽ ലഭ്യമാണ്. ഒറ്റപ്പെട്ട ചില സംഭവങ്ങളിൽ, പൊതുവേ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുന്ന ക്രിയാത്മകമായ എല്ലാ വിമർശനങ്ങളെയും ഗവൺമെന്റ് സ്വാഗതം ചെയ്യുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, സംരംഭക വർഷവുമായി ബന്ധപ്പെട്ട് ഇങ്ങനെയൊരു ആക്ഷേപമുന്നയിച്ചത് ഞാൻ തന്നെയാണ്. സംരംഭവുമായി ബന്ധപ്പെട്ട് എല്ലാ എം.എൽ.എ. -മാരും അവരവരുടെ നിയോജക മണ്ഡലത്തിൽ പോയി. ഞാനും എന്റെ നിയോജക മണ്ഡലത്തിൽ പോയി. ഒരു വർഷം സംസ്ഥാനത്തെല്ലായിടത്തുമായി ഒരു ലക്ഷത്തിലധികം സംരംഭകങ്ങൾ ആരംഭിക്കുകയും രണ്ടുലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽകൊടുക്കുകയും ചെയ്തു. എന്റെ നിയോജക മണ്ഡലത്തിൽ അറുന്നൂറിലധികം സംരംഭങ്ങൾ ആരംഭിച്ചുവെന്നത് എനിക്ക് അവിശ്വസനീയമായിത്തോന്നി. ഞാനതിന്മേൽ അന്വേഷണം നടത്തുകയും

മറ്റുപല സ്ഥലങ്ങളിൽ അന്വേഷണം നടത്തുകയും ചെയ്തപ്പോൾ എനിക്ക് ബോധ്യപ്പെട്ട കാര്യം, വ്യവസായവകുപ്പ് എല്ലാ ലോക്കൽ ബോഡികളിലും ഇന്റേണലുകളെ നിയമിച്ചിട്ടുണ്ട്. ആ ഇന്റേണലുകൾ ലോക്കൽ ബോഡിയിൽ പോയി ആ ഒരു വർഷം രജിസ്ട്രേഷൻ നടത്തിയിരിക്കുന്ന എല്ലാ സ്ഥാപനത്തിന്റെയും പേരെഴുതിയെടുക്കുകയും ബാങ്കുകളിൽ പോയി ബാങ്കുകൾ വായ്പ കൊടുത്തിരിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും പേരെഴുതിയെടുക്കുകയും ചെയ്തു. അതിനുശേഷം ഇതെല്ലാം സമാഹരിച്ചാണ് ഈ സംരംഭക പരിപാടിയുടെ ഭാഗമായി കഴിഞ്ഞ ഒരുവർഷത്തിനകം എത്ര സംരംഭങ്ങൾ തുടങ്ങിയിരിക്കുന്നുവെന്ന നമ്പർ കൊടുത്തിരിക്കുന്നത്. നാട്ടിലെ ആളുകൾ എന്തെല്ലാം പരിപാടികൾ തുടങ്ങുന്നു. ആ വിവരം സർക്കാർ അറിയണോ. പ്രത്യേകിച്ച് പാൻഡമിക് സിറ്റുവേഷൻ കഴിഞ്ഞ് വിദേശത്തുനിന്നും തിരിച്ചുവന്ന ധാരാളം ആളുകൾ ബാങ്കിൽ നിന്നും ലോണെടുത്തും ലോണെടുക്കാതെയും സംരംഭങ്ങൾ തുടങ്ങി. അതെല്ലാം എല്ലാക്കാലത്തും ഉണ്ടായിട്ടുള്ളതാണ്. സർക്കാർ തുടങ്ങിയ പരിപാടിയുടെ ഭാഗമായിട്ടാണെന്നുള്ള പ്രചരണത്തെയാണ് ഞങ്ങൾ ചോദ്യം ചെയ്തിട്ടുള്ളത്. അല്ലാതെ ഈ പരിപാടിയെ അല്ല. ആ പരിപാടിയെ ഞങ്ങൾ പിന്തുണച്ചു;

ഞങ്ങൾ എല്ലാവരോടും സഹകരിക്കാൻ നിർദ്ദേശിച്ചു. കൂടുതൽ എത്രവേണം, അതിനെന്തെല്ലാമാണ് ആവശ്യം എന്നതിനെല്ലാം ഞങ്ങളുടെ പ്രതിപക്ഷത്തുള്ള എല്ലാ ജനപ്രതിനിധികളും പൂർണ്ണമായും സഹകരിക്കുകയും ഞാനുൾപ്പെടെയുള്ളയാളുകൾ ആ പരിപാടിയിൽ പോകുകയും ചെയ്തു. പക്ഷേ തെറ്റായ ഒരു അവകാശവാദം പറഞ്ഞുകൊണ്ട് അതിന്മേൽ വ്യാപക പ്രചരണം നടത്തുന്നതിനെയാണ് ഞങ്ങൾ ചോദ്യം ചെയ്തത്; അത് ശരിയല്ലേ?

ശ്രീ. പി. രാജീവ്: സർ, അങ്ങയോട് എനിക്ക് പ്രത്യേകം നന്ദിയുണ്ട്. കാരണം ഇത്തരം സംരംഭങ്ങൾ ബാങ്കുകളുടെ വായ്പ എടുത്തും ഗവൺമെന്റുമായി ഒരു ബന്ധമില്ലാതെയും കഴിഞ്ഞ ഒരുവർഷം കേരളത്തിൽ സ്ഥാപിച്ചുവെന്ന് അങ്ങുപറഞ്ഞതിനെ ഞാൻ നന്ദിപൂർവ്വം സ്വീകരിക്കുന്നു. ഗവൺമെന്റ് സംരംഭം തുടങ്ങുകയെന്നത് സംരംഭക വർഷത്തിന്റെ ഭാഗമേയല്ല. സംരംഭകർക്ക് ഒരാത്മവിശ്വാസം പകരുകയെന്നതാണ് പൊതുവെ കണ്ടകാര്യം. പ്രവാസികളായി വരുന്ന ആളുകൾക്ക് സംരംഭം തുടങ്ങാൻ കഴിയുന്നില്ല, അവരെപ്പോലുള്ള ആളുകളെ നിങ്ങൾ പിന്തുണയ്ക്കണമെന്ന് അങ്ങ് ഈ സഭയിൽ ഉന്നയിച്ചതായാണ് എന്റെ ഓർമ്മ.

ഇപ്പോൾ അങ്ങുതന്നെ പറഞ്ഞു, പ്രവാസികളായി വരുന്ന ആളുകൾ കേരളത്തിൽ സംരംഭം ആരംഭിച്ചിരിക്കുന്നുവെന്ന്. അത് നമ്മുടെ കണക്കുകളാണല്ലോ? അങ്ങേയ്ക്കും എനിക്കും അഭിപ്രായങ്ങളുണ്ടാകും, ആ അഭിപ്രായങ്ങൾ ശരിയാണോ എന്ന് നോക്കുന്നത് വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയാണ്. ഒരോരുത്തർക്കും ഓരോ അഭിപ്രായമുണ്ടാകും. നമ്മൾ ഇരിക്കുന്ന സ്ഥാനത്തിനനുസരിച്ച് അഭിപ്രായങ്ങളുടെ ശക്തി കൂടുകയും കുറയുകയും ചെയ്യും. കേരളത്തിന്റെ വ്യവസായ വളർച്ചാ നിരക്ക് 17.3 ശതമാനമായി മാറിയെന്നകാര്യം അങ്ങ് അംഗീകരിക്കുന്നുണ്ടല്ലോ? അതോടൊപ്പം ഉൽപ്പാദന മേഖലയുടെ സംഭാവന 18.9 ശതമാനമായി എന്നതും അങ്ങ് അംഗീകരിക്കുന്നുണ്ടല്ലോ? ഞങ്ങൾ ഒരവകാശവും എടുക്കുന്നില്ല. സർക്കാർ ആരംഭിച്ച സ്ഥാപനങ്ങളാണെന്ന ഒരവകാശവാദവുമില്ല. കേരളത്തിൽ സർക്കാർപോലും അറിയാതെ സംരംഭം തുടങ്ങാൻ ഒരു സാഹചര്യമുണ്ടായിയെന്നുണ്ടെങ്കിൽ ഓരോ മലയാളിക്കും അഭിമാനിക്കാം. നമുക്കെല്ലാവർക്കും ആത്മവിശ്വാസത്തോടുകൂടി നാടിനോട് പറയാം, ഇവിടെ വന്ന് സംരംഭം ആരംഭിക്കാം, അതിന് നമുക്ക് ഒറ്റക്കെട്ടായി നിൽക്കാം. അങ്ങും ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളും എല്ലാ പിന്തുണയും

നൽകി. ഞാൻ നേരിട്ട് അങ്ങയെ സംരംഭക സംഗമത്തിലേയ്ക്ക് ക്ഷണിച്ചതാണ്. അവിടെ പതിനായിരം സംരംഭകർ, അത്രയുമാണ് തീരുമാനിച്ചിരുന്നത്, അവർ വന്നിരുന്നു. അവരെ കാണാനും നേരിട്ട് സംവദിക്കാനും നമ്മൾ ഒന്നിച്ചാണ് എന്നൊരു ആത്മവിശ്വാസം പകരാനും വരാമെന്ന് അങ്ങ് പറഞ്ഞതാണ്. പക്ഷെ, എന്താണെന്നറിയില്ല അവസാനനിമിഷം അങ്ങ് മാറി. മറ്റ് എം.എൽ.എ.-മാർക്കും വരണമെന്ന് താൽപ്പര്യമുണ്ടായിരുന്നു. പക്ഷെ, പൊതുതീരുമാനമിതാണ്. അവരെല്ലാവരും ഇതിന്റെ ഭാഗമായി നിന്നതാണ്. അതുകൊണ്ട് അവരെയെല്ലാം ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഇത്തരം കാര്യങ്ങളിൽ നമ്മൾ ഒന്നിച്ചുനിൽക്കുകയാണ് വേണ്ടത്.

<u>ശ്രീ. പി. വി. അൻവർ</u>: സർ, കേരളത്തിലെ വ്യവസായ മേഖലയിൽ കഴിഞ്ഞ അഞ്ചാറുവർഷങ്ങളായുണ്ടായ കുതിപ്പിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ നടന്ന കാര്യങ്ങൾ നടന്നിട്ടില്ലായെന്ന് വരുത്തിത്തീർക്കാനായി വ്യാപകമായ ശ്രമങ്ങൾ നടക്കുന്നു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കൊട്ടിഘോഷിക്കപ്പെട്ട ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്-ൽ (GIM) പതിനായിരം കോടി രൂപയാണ് അന്ന് ലക്ഷ്യംവച്ചിരുന്നത്.

എന്നാൽ നൂറുകോടി രൂപപോലും അന്ന് സംഭരിക്കാൻ സാധിച്ചില്ല. ഒരു വർഷം ഒരു ലക്ഷം സംരംഭകം എന്ന കാര്യം ഈയൊരു അവസ്ഥയിലെത്തി നിൽക്കുമ്പോൾ ജനങ്ങൾ ഇതുകാണുന്നുണ്ട്. സംരംഭകത്തിന്റെ ഭാഗമായി ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ 5 എച്ച്.പി. വൈദ്യുതി ലോഡ് വരെ സ്വന്തം വീടുകളിൽ ലൈസൻസില്ലാതെ ഉപയോഗിക്കാൻ അനുമതിയുണ്ട്. അത് 10 എച്ച്.പി. ആയി ഉയർത്താൻ സാധിക്കുമോയെന്ന് ചെറുകിട കച്ചവടക്കാരും വ്യവസായികളും ആവശ്യപ്പെടുന്നുണ്ട്. അതിനായി സർക്കാരിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. പി. രാജീവ്: സർ, പലരും ഉന്നയിക്കുന്നൊരു പ്രശ്നമാണിത്. തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്നാണ് ഇത്തരം കാര്യങ്ങൾ വരുന്നത്. അതിനാൽ പ്രത്യേകമായി ആലോചിക്കാവുന്നതാണ്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ എല്ലാവരുടെയും പിന്തുണയുണ്ടായിട്ടുണ്ടെന്നകാര്യം എടുത്തുപറയുകയാണ്. ഇരിക്കൂർ എം.എൽ.എ. ആയ ശ്രീ. സജീവ് ജോസഫിന്റെയും കല്ല്യാശ്ശേരി എം.എൽ.എ. ആയ ശ്രീ. എം. വിജിന്റെയും പേരുകൾ ഞാൻ പ്രത്യേകം എടുത്തുപറയുകയാണ്. കണ്ണൂർ പോയപ്പോൾ ഞാൻ ഈ രണ്ടുസ്ഥലങ്ങളിലും പങ്കെടുത്തിരുന്നു. ഇരിക്കൂർ കർണ്ണാടക

അതിർത്തിയിലാണ്. ആ പ്രദേശത്ത് 450 കോടിരൂപയുടെയോ മറ്റോ നിക്ഷേപ വാഗ്ദാനങ്ങളാണുള്ളത്. ഞങ്ങൾ രണ്ടുപേരും പങ്കെടുത്ത് റിവ്യൂ നടത്തിയതാണ്, ചില പഞ്ചായത്തുകളിൽ പ്രത്യേക സാഹചര്യമുള്ളതിനാൽ അവിടെ രൂപീകരിക്കാൻ സാദ്ധ്യത കുറവാണെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതുകഴിഞ്ഞ് കല്ല്യാശ്ശേരിയിലേയ്ക്കാണ് പോയത്. അവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിന്റെ നേതൃത്വത്തിൽ, നല്ലരീതിയിൽ, അവിടത്തെ ഹാൾ നിറഞ്ഞുകവിഞ്ഞ്, അവിടെ വന്ന സംരംഭകരുടെ പ്രദർശനവുമുണ്ടായിരുന്നു. ഒരു ജില്ലയിലെ രണ്ടുപേരെ മാത്രം എടുത്തു പറഞ്ഞന്നേയുള്ളൂ. മറ്റെല്ലാ എം.എൽ.എ.-മാരും അതുപോലെ തന്നെയാണ് പ്രവർത്തിച്ചത്. അതിന്റെ ഫലം നമ്മൾ ഒന്നിച്ച് നാടിന് പകർന്നുനൽകലാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്.

## കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

(*332) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. നൗഷാദ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ ബഹുഭൂരിപക്ഷവും പ്രവർത്തനരഹിതമാണെന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) മൂന്ന് ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ താല്പര്യം പരിഗണിച്ച് കശുവണ്ടി വ്യവസായ രംഗം നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദേശിക്കാൻ രൂപീകരിച്ച സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിന് ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്ത് ആവശ്യത്തിന് ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡിന് കഴിയുന്നുണ്ടോ; കാഷ്യൂ ബോർഡിന്റെ സാമ്പത്തിക ക്ഷമത ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വ്യവസായത്തെ കൈപിടിച്ച് ഉയർത്തുന്നതിനായി മുൻ സർക്കാർ ഒരു പുനരുദ്ധാരണ പാക്കേജ്

പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി കശുവണ്ടി വ്യവസായത്തിനായി സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽ നിന്നെടുത്ത് NPA ആയ ലോണുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) പ്രഖ്യാപിക്കുന്നതിനായി ഒരു ഫോർമുല രൂപീകരിക്കുന്നതിന് മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ഉറപ്പാക്കിക്കൊണ്ട് ഈ സർക്കാർ ബാങ്കുകളുമായും വ്യവസായികളുമായും ട്രേഡ് യൂണിയനുകളുമായും വിവിധ തലങ്ങളിൽ നിരവധി ചർച്ചകൾ നടത്തുകയും ബാങ്കുകളും വ്യവസായികളുമായി സമവായത്തിലെത്തിയതിന്റെ അടിസ്ഥാനത്തിൽ 14-03-2022-ലെ സ.ഉ (സാധാ)നം. 224/2022/വ്യവ പ്രകാരം OTS പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. തുടർന്ന് വ്യവസായികളുടെ നിരന്തര ആവശ്യം മുൻനിർത്തി ബാങ്കുകളുമായി വ്യവസായികൾ കരാറിലേർപ്പെടാനുള്ള തീയതി 16-06-2022-ലെ സ.ഉ (സാധാ) നം.562/2022/വ്യവ പ്രകാരം 31-03-2022-ൽനിന്നും 31-12-2022 ആയി നീട്ടി നൽകുകയും ചെയ്തു.

കോവിഡ് മഹാമാരിമൂലം ജീവനോപാധികൾ നഷ്ടപ്പെട്ട ചെറുകിട, ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനവും

ആധുനീകരണത്തിനുള്ള മൂലധന സഹായവും പലിശ സഹായത്തിനും ഇത്തരം യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി വ്യവസായ വാണിജ്യ വകുപ്പുഡയറക്ടറുടെ ശീർഷകത്തിൽ വകയിരുത്തിയിരുന്ന 7 കോടി രൂപ കൂടാതെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 30 കോടി രൂപ കൂടി അധികമായി വകയിരുത്തി.

സംസ്ഥാനത്ത് കശുവണ്ടി വ്യവസായം നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും ടി മേഖലയുടെ സമഗ്ര വികസനം ഉറപ്പുവരുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സാമ്പത്തിക സാങ്കേതിക മാനേജ്മെന്റ് വിദഗ്ദ്ധർ ഉൾപ്പെടെയുള്ള ഒരു വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചു. ടി സമിതി ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, കാപ്പക്സ്, കാഷ്യൂ കോർപ്പറേഷൻ, കശുമാവ് കൃഷി വികസന ഏജൻസി, കാഷ്യൂ എക്സ്പേർട്ട് പ്രമോഷൻ കൗൺസിൽ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയും കശുവണ്ടി ഫാക്ടറികൾ സന്ദർശിച്ച് പ്രാഥമിക വിവരങ്ങൾ ശേഖരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി മേഖലയ്ക്ക്

അടിയന്തര ആശ്വാസം നൽകാനുതകുന്നതും ഉടൻ നടപ്പിലാക്കാൻ സാധിക്കുന്നതുമായ ഹ്രസ്വകാല പദ്ധതികൾ ഉൾപ്പെടുത്തിയുള്ള ഒരു ഇടക്കാല റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ഇതനുസരിച്ച് 37 കോടി രൂപയിൽ 20 കോടി രൂപ തൊഴിലാളികളുടെ ESI-EPF ആനുകൂല്യങ്ങൾ നൽകാനായും സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനായി 5 കോടി രൂപയും ഷെല്ലിംഗ് യൂണിറ്റുകളുടെ നവീകരണത്തിനായി 5 കോടി രൂപയും വിനിയോഗിക്കാൻ അനുമതി നൽകി. കൂടാതെ സ്വകാര്യ മേഖലയിലെ ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന/ആധുനീകരണ മൂലധനമായി ബഡ്ജറ്റിൽ വകയിരുത്തിയ 7 കോടി രൂപയ്ക്കും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി വഴി, പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധന ഗ്രാന്റ് നൽകുന്നു. സ്ത്രീകൾ, യുവജനങ്ങൾ, പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾ, വികലാംഗർ എന്നിവരുടെ സംരംഭങ്ങൾക്ക് പരിഗണന നൽകും. ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾ ഇപ്പോൾ പ്രവർത്തിക്കുന്നതും കഴിഞ്ഞ വർഷം പ്രവർത്തന മൂലധനമായി ബാങ്കുകൾ, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ വഴി വായ്പ കൈപ്പറ്റിയതുമായ

യൂണിറ്റുകൾക്ക് പലിശ താങ്ങുസഹായം നൽകുന്നതാണ്. വായ്പയ്ക്ക് പലിശയുടെ 50% അതായത് പരമാവധി 10 ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് നൽകുന്നത്. പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, റൂറൽ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ വഴി റീ-ഇംബേഴ്മെന്റ് എന്ന നിലയ്ക്കാണ് സഹായം നൽകുന്നത്. പരമാവധി 3 വർഷം വരെ അർദ്ധ വാർഷികമായി പണം നൽകുന്നതാണ്. കൂടാതെ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കശുവണ്ടി മേഖലയുടെ പുനരുജ്ജീവന പാക്കേജിനായി 30 കോടി രൂപ ഉൾപ്പെടെ ആകെ 58 കോടി രൂപയുടെ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി അക്കാദമിക്-മാനേജ്മെന്റ് വിദഗ്ദ്ധർ അടങ്ങുന്ന 5 അംഗ വിദഗ്ദ്ധ സമിതി 13-10-2022-ലെ സ.ഉ(സാധാ) നം.1111/2022/വ്യവ പ്രകാരം രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) കഴിയുന്നുണ്ട്. തോട്ടണ്ടി സംസ്ഥാനത്തിനകത്തുനിന്നും സംഭരിക്കുന്നതിനും വിദേശത്തുനിന്നും ഇറക്കുമതി ചെയ്തുനൽകുന്നതിനും

വേണ്ടിയാണ് സർക്കാർ കേരള കാഷ്യൂ ബോർഡ് രൂപീകരിച്ചത്. 2018-19-ൽ 6700 മെട്രിക് ടൺ, 2019-20 സാമ്പത്തിക വർഷത്തിൽ 13600 മെട്രിക് ടൺ, 2020-21-ൽ 10051 മെട്രിക് ടൺ, 2021-22-ൽ 10647 മെട്രിക് ടൺ ഇറക്കുമതി ചെയ്തു. 2022-2023-ൽ നാളിതുവരെ 7852 മെട്രിക് ടൺ തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്തും മൊസാംബിക്കിൽനിന്ന് 2100 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തും മൊത്തം 9952 മെട്രിക് ടൺ (7852+2100) തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നീ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2023-2024 സാമ്പത്തിക വർഷത്തേയ്ക്ക് ഘാനയിൽനിന്ന് 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി എഗ്രിമെന്റിൽ ഒപ്പുവച്ചു. ഇതുകൂടാതെ ഐവറി കോസ്റ്റിൽനിന്നും ലെറ്റർ ഓഫ് ക്രെഡിറ്റ് വ്യവസ്ഥയിൽ 5000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനും ഘാനയിൽനിന്നും 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കാഷ്യൂ ബോർഡിന്റെ ആഗോള ടെണ്ടറുകൾ വഴി യഥാസമയം തടസ്സം കൂടാതെ ഗുണമേന്മയുള്ള കശുവണ്ടി ന്യായമായ വിലയ്ക്ക് ഇറക്കുമതി ചെയ്യുന്നതിന് കൂടുതൽ സപ്ലൈയേഴ്സിന്റെ

പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കേരള ബാങ്കുമായി ചർച്ച നടത്തുകയും എസ്.ബി.ഐ. മുഖാന്തരം ടെണ്ടറുകളിൽ ലെറ്റർ ഓഫ് ക്രെഡിറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കേരള കാഷ്യൂ ബോർഡിന് കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് കേരള ബാങ്കിൽനിന്ന് പ്രതിവർഷം പരമാവധി 100 കോടി രൂപ വായ്പ എടുക്കുന്നതിന് (സ.ഉ (കൈ) നം.63/ 2018/വ്യവ തീയതി 13-08-2018 പ്രകാരം) സംസ്ഥാന സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. ഇതുകൂടാതെ സർക്കാരിൽനിന്നും പ്രവർത്തന മൂലധന വായ്പയായി പ്ലാൻ ഫണ്ട് മുഖേന 2017-18 വർഷം 15 കോടി രൂപയും 2018-19-ൽ 9.5 കോടി രൂപയും 2020-21-ൽ 53.30 കോടിയും 2021-22-ൽ 37.30 കോടി രൂപയും 2022-23 സാമ്പത്തിക വർഷം 60.85 കോടി രൂപയും അനുവദിക്കുകയും ആയത് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 43.55 കോടി രൂപ കാഷ്യൂ ബോർഡിന് ലോൺ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ

തോട്ടണ്ടി സംസ്ഥാനത്തിന് അകത്തുനിന്നും സംഭരിക്കുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗ ക്ഷേമ, ദേവസ്വവും പാർലമെന്ററികാര്യ വകുപ്പ്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ്, ബഹുമാനപ്പെട്ട സഹകരണ വകുപ്പ്, ബഹുമാനപ്പെട്ട കൃഷി വകുപ്പ് എന്നീ മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ 25-01-2023-ന് യോഗം ചേരുകയും പ്ലാന്റേഷൻ കോർപ്പറേഷൻ, ഫാമിംഗ് കോർപ്പറേഷൻ, ആറളം ഫാം എന്നിവിടങ്ങളിൽനിന്നും കശുവണ്ടി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ സഹകരണ സംഘങ്ങൾ വഴി പ്രാദേശിക മാർക്കറ്റുകളിൽനിന്നും കശുവണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഡോ. സുജിത് വിജയൻപിള്ള ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എച്ച്. സലാം): സർ, ഈ മേഖലയിൽ കാപ്പക്സിന്റെയും കോർപ്പറേഷന്റെയും കുറച്ച് ഫാക്ടറികൾ മാത്രമാണ് തുറന്നുപ്രവർത്തിക്കുന്നത്. സ്വകാര്യമേഖലയിലെ ഭൂരിപക്ഷം ഫാക്ടറികളും അടഞ്ഞുകിടക്കുകയാണ്. ഇതുമൂലം തൊഴിലാളികൾ നേരിടുന്ന ജീവിത പ്രതിസന്ധി ഏറെ ഗൗരവകരമാണ്. കശുവണ്ടി മേഖലയിൽ നിലനിൽക്കുന്ന ഈ പ്രതിസന്ധി

പരിഹരിക്കാൻ, തദ്ദേശീയ തോട്ടണ്ടി സംഭരണമുൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, പ്രധാന ഉത്തരത്തിൽത്തന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. രണ്ടുതരത്തിലാണ് കാഷ്യൂ ബോർഡ് ചെയ്യുന്നത്. ഒന്ന്, വിദേശത്തുനിന്നും ഇറക്കുമതി ചെയ്യും. വിദേശത്തുനിന്നും ടെണ്ടർ വിളിച്ചാണ് ഇറക്കുമതി ചെയ്യുന്നതെങ്കിൽ ആഫ്രിക്കൻ രാജ്യങ്ങളിലെ ഗവൺമെന്റുമായി നേരിട്ട് ചർച്ച നടത്തി ഇറക്കുമതി ചെയ്യാൻ കഴിയുമോയെന്നതാണ് ബോർഡ് രൂപീകരിക്കുമ്പോൾതന്നെ കണ്ടിരുന്നത്. ഈ ഘട്ടത്തിൽ അതിൽ നല്ല വിജയം കൈവരിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം മുതൽ വിവിധ രാജ്യങ്ങളുടെ ഉടമസ്ഥതയിലുള്ള ബോർഡുകളുമായി നേരിട്ട് ചർച്ച ചെയ്ത് ഇറക്കുമതി ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. രണ്ട്, ആഭ്യന്തര തോട്ടണ്ടി വിപണനത്തിനായി ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി എന്നിവരുമായി ചേർന്ന് യോഗം നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു ഉദ്യോഗസ്ഥ കമ്മിറ്റി രൂപീകരിച്ചു. അവർ

അടിസ്ഥാന വില നിശ്ചയിച്ചിട്ടുണ്ട്. തോട്ടണ്ടി ആഭ്യന്തര സംഭരണവും ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. എച്ച്. സലാം: സർ, പൂട്ടികിടക്കുന്ന സ്വകാര്യ ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പി.എഫ്. ലഭിക്കാത്തൊരു സാഹചര്യം വരുന്നുണ്ട്. ഉടമകൾ ഇല്ലാത്തതുമൂലം രേഖകൾ യഥാസമയം സമർപ്പിക്കാൻ കഴിയാത്ത സാഹചര്യമാണ്. ആയതിനാൽ തൊഴിലാളിക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല. ഈയൊരു സാഹചര്യത്തിൽ ഇത് ലഭ്യമാക്കാൻവേണ്ട പ്രത്യേക നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, അടച്ച പി.എഫ്.-മായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നമാണെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി പ്രത്യേകമായി പരിശോധിക്കുന്നതായിരിക്കും.

ശ്രീ. എം. നൗഷാദ്: സർ, പരിഞ്ഞുപോകുന്ന കശുവണ്ടി തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി പിരിയുന്നതിന്റെ തൊട്ടടുത്ത ദിവസംതന്നെ കൊടുക്കാൻ സംവിധാനം ഏർപ്പെടുത്തിയ, അതുപോലെ പിരിഞ്ഞുപോയ മുഴുവൻ പേർക്കും ഗ്രാറ്റുവിറ്റി കൊടുത്ത ഗവൺമെന്റിനെ ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. പൊതുമേഖല സ്ഥാപനങ്ങളായ കാഷ്യൂ

കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കൈവശം എത്ര അസംസ്കൃത തോട്ടണ്ടി സ്റ്റോക്കുണ്ട്; അതുവച്ച് ഇനി എത്രദിവസം തൊഴിൽ കൊടുക്കാൻ കഴിയും; കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ എത്രദിവസം തൊഴിൽ കൊടുത്തുവെന്നതിന്റെ കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; അത് ലഭ്യമാക്കാമോ ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗത്തിന് ഓരോ വർഷത്തെയും കണക്ക് ലഭ്യമാക്കാം. കശുവണ്ടി കോർപ്പറേഷൻവഴി ഓരോവർഷവും ഇറക്കുമതി ചെയ്ത് രണ്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയതിന്റെ കണക്ക് നേരത്തേ പ്രധാന ചോദ്യത്തിന് ഉത്തരമായി ഞാൻ സൂചിപ്പിച്ചിരുന്നു. ഇപ്പോൾ കാപ്പക്സിനും കശുവണ്ടി കോർപ്പറേഷനും മാത്രമാണ് നമ്മൾ ഇറക്കുമതി ചെയ്ത തോട്ടണ്ടി നൽകുന്നത്. അതിന്റെ കണക്ക് പ്രധാന ഉത്തരത്തിന്റെ ഭാഗമായിത്തന്നെ നൽകിയിരുന്നു.

ശ്രീമതി യു. പ്രതിഭ: സർ, യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് അടച്ചിട്ടിരുന്ന കശുവണ്ടി ഫാക്ടറികളെല്ലാം, സ്വകാര്യ ഫാക്ടറികൾ ഒഴികെ എല്ലാം തുറന്നുപ്രവർത്തിപ്പിക്കാൻ ഇടതുപക്ഷ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴും ധാരാളം നടപടികൾ, കശുവണ്ടി ഫാക്ടറികളുടെ ആധുനിക

വൽക്കരണവുമായി ബന്ധപ്പെട്ട് നമുക്ക് നന്നായി ഇടപെടാൻ കഴിയുന്നൊരു മേഖലയാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കൊടുക്കാതിരുന്ന ഗ്രാറ്റുവിറ്റിയടക്കം കൊടുത്തുകൊണ്ടാണ് കശുവണ്ടി മേഖലയിലെ തൊഴിലാളികളെ സഹായിക്കാനായി നാം ഇടപെട്ടത്. കശുവണ്ടി തൊഴിലാളികൾക്ക് സമയബന്ധിതമായി ഗ്രാറ്റുവിറ്റി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, നേരത്തെ ചോദിച്ച ചോദ്യത്തിന്റെ സൂചിപ്പിച്ചതാണ്. 2022-ൽ വിരമിച്ച 228 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി വിതരണം ചെയ്തു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അഞ്ചുവർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശികയുണ്ടായിരുന്നു. അത് 2016-21-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് പൂർണ്ണമായും വിതരണം ചെയ്തു. ഞങ്ങൾ അധികാരത്തിൽ വന്നതിനുശേഷം ആദ്യവർഷംതന്നെ ബാക്കി കുടിശ്ശികയുണ്ടായിരുന്ന അഞ്ചുവർഷത്തെ ഗ്രാറ്റുവിറ്റി പൂർണ്ണമായും വിതരണം ചെയ്തു. വിരമിക്കുമ്പോൾതന്നെ ഗ്രാറ്റുവിറ്റി നൽകുകയാണ് ഇപ്പോൾ ചെയ്യുന്നത്. പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾ വിരമിച്ച് ദീർഘകാലം ഗ്രാറ്റിവിറ്റിക്കുവേണ്ടി കാത്തിരിക്കേണ്ട സാഹചര്യം ഒഴിവാക്കണമെന്നാണ്

സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി ഇപ്പോൾ വിരമിച്ച കശുവണ്ടി തൊഴിലാളികൾക്ക് കഴിഞ്ഞദിവസം കശുവണ്ടി കോർപ്പറേഷനിൽ വച്ചുനടന്ന ചടങ്ങിൽ വച്ച് ഗ്രാറ്റുവിറ്റി വിതരണം ചെയ്യുകയുണ്ടായി. ഭാവിയിലും ഇതുപോലെ പ്രത്യേക ചടങ്ങില്ലാതെ വിരമിക്കുമ്പോൾതന്നെ ഗ്രാറ്റുവിറ്റി കൊടുക്കാൻ കഴിയുന്നൊരു സാഹചര്യം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, വിദേശ രാജ്യങ്ങളിൽ നിന്നുള്ള തോട്ടണ്ടി ഇറക്കുമതി സുഗമമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കമോ?

ശ്രീ. പി. രാജീവ്: സർ, ഇതുസംബന്ധിച്ച കണക്കുകൾ നേരത്തെ സൂചിപ്പിച്ചിരുന്നു. ഈ വർഷം ഇതുവരെ 9952 മെട്രിക് ടൺ തോട്ടണ്ടിയാണ് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSCDC), കാപെക്സ് എന്നീ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തത്. അതിൽ 7852 മെട്രിക് ടൺ നേരത്തെ കൊടുത്തു ഇപ്പോൾ ഇറക്കുമതി ചെയ്തതിൽ നിന്നും 2100 മെട്രിക് ടൺ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ മൊസാംബിക്കിൽ നിന്നും 2100 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി

നടത്തിയതിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി വികസന കോർപ്പറേഷൻ 20 ദിവസവും കാപെക്സ് 20 ദിവസവും അധികമായി തൊഴിൽ ദിനങ്ങൾ നൽകാൻ സാധിക്കുന്നുണ്ട്. അടുത്ത സാമ്പത്തികവർഷം ഘാനയിൽ നിന്ന് 3000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. ഐവറികോസ്റ്റിൽ നിന്ന് 5000 മെട്രിക് ടണ്ണും ഘാനയിൽനിന്ന് 3000 മെട്രിക് ടണ്ണും തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനും ടെണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ടെണ്ടറുകൾ ഓപ്പൺ ചെയ്തതിനുശേഷം ഐവറികോസ്റ്റിൽനിന്ന് 3000-വും ഗിനി ബിസാവോയിൽ നിന്ന് 5000-വും മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വരുംവർഷങ്ങളിൽ വിവിധ രാജ്യങ്ങളിൽനിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള ക്രമീകരണങ്ങൾ നടത്തി ഓരോ രാജ്യത്തിന്റെ സീസണനുസരിച്ച് കൃത്യമായി തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ ശ്രമിക്കുന്നുണ്ട്. അതോടൊപ്പംതന്നെ അതത് രാജ്യങ്ങളിലെ ഔദ്യോഗിക ബോർഡുകളുമായി നേരിട്ട് ചർച്ച നടത്തി ഗവൺമെന്റ് സംവിധാനങ്ങളിലൂടെ തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള ശ്രമം നടക്കുന്നുണ്ട്. അത് വിജയക്കുകയാണെങ്കിൽ ടെണ്ടർ സമ്പ്രദായം മാറ്റി നേരിട്ടുതന്നെ തോട്ടണ്ടി

ഇറക്കുമതി ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഈ മേഖലയിൽ കശുവണ്ടി കർഷകരെ ഗവൺമെന്റ് പരിഗണിക്കുന്നില്ല. കർഷകർക്ക് ന്യായമായ വില കൊടുക്കാൻ തയ്യാറാകുന്നില്ല. കശുവണ്ടി സീസൺ ആരംഭിച്ചിട്ടും സംഭരണത്തിന് ഫലപ്രദമായ സംവിധാനമേർപ്പെടുത്തിയിട്ടില്ല. മാർക്കറ്റിലുണ്ടായിരുന്ന വിലയേക്കാൾ കുറഞ്ഞ വിലയാണ് തറവിലയായി നിശ്ചയിച്ചിരിക്കുന്നത്. മുൻവർഷങ്ങളിൽ സംഭരിച്ച കശുവണ്ടിയുടെ വില ഇതുവരെയും കിട്ടാതെ സഹകരണബാങ്കുകളുണ്ട്. യോഗങ്ങളിൽ പങ്കെടുക്കാൻ കർഷക പ്രതിനിധികൾ ആരെയുംതന്നെ വിളിക്കുന്നില്ല. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും കശുവണ്ടി കൃഷിയെ പ്രോൽസാഹിപ്പിക്കാനും കർഷകരെ പരിഗണിക്കാനും വ്യക്തവും ശക്തവുമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം പറഞ്ഞതിനനുസരിച്ചുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കൃഷി-ധനകാര്യ-സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിമാരും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും

ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായി ചേർന്ന് ഒരു യോഗം നടത്തിയിരുന്നു. കാരണം, ഒരു പ്രധാനപ്പെട്ട തോട്ടമായ ആറളം ഫാം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കൈവശമാണുള്ളത്. അതിന്റെയടിസ്ഥാനത്തിൽ കഴിഞ്ഞ തവണത്തേക്കാൾ ഉയർന്ന വിലയായ 114 രൂപയാണ് ഇപ്പോൾ കിലോഗ്രാമിന് തോട്ടണ്ടിയുടെ തറവിലയായി നിശ്ചയിച്ചിട്ടുള്ളത്. സഹകരണസംഘങ്ങൾ വഴിയാണ് ഇവ സംഭരിക്കുന്നത്. പ്രാദേശികതലത്തിൽ കർഷകരുടെയും കർഷക സംഘങ്ങളുടെയും യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. വടക്കൻ കേരളത്തിലെ കാര്യം പരിശോധിക്കുകയാണെങ്കിൽ കശുമാവ് പൂവിടുമ്പോൾത്തന്നെ വില്പന നടത്തുന്നുവെന്നതാണ് പ്രായോഗികമായ പ്രശ്നം. അതുകൊണ്ടാണ് ഇത് മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നത്. കശുവണ്ടി സംഭരണത്തിൽ ഇവിടത്തെ ഏജൻസികൾക്ക് നേരിട്ട് ഇടപ്പെടാൻ ചില പരിമിതകളുണ്ട്. ഇവിടെ സംഘങ്ങൾ സംഭരിക്കുമ്പോൾതന്നെ കശുവണ്ടി വികസന കോർപ്പറേഷൻ അത് കട്ട് ചെയ്ത് നോക്കിയതിനുശേഷമാണ് ക്വാളിറ്റി നിശ്ചയിക്കുന്നത്. അത്തരം സാഹചര്യത്തിൽ ചിലപ്പോൾ അവർ വാങ്ങിയ വിലയുടെ ക്വാളിറ്റി ഇവിടെ ലഭിക്കുകയില്ല. ഇതുകൂടാതെ കർഷകർ കശുവണ്ടി

ഉണക്കുന്നതിനുമുമ്പ് നേരിട്ട് വിൽക്കുന്നതിന് ചില പ്രയോഗിക പരിമിതകളും വന്നിട്ടുണ്ട്. അത്തരം കാര്യങ്ങളും പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ആഭ്യന്തരമായി കശുവണ്ടി ഉല്പദനം വർദ്ധിപ്പിക്കാൻ കശുവണ്ടിയുടെ കൾട്ടിവേഷൻ കമ്മിറ്റി സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ സൂചിപ്പിച്ച നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇനിയും ഇക്കാര്യത്തിൽ ഇടപെടേണ്ടതുണ്ടെങ്കിൽ ആ രീതിയിൽ ഇടപെടാൻ സർക്കാർ തയ്യാറാണ്. തോട്ടണ്ടി വാങ്ങിയ ഇനത്തിൽ പണം കൊടുക്കാനുണ്ടെങ്കിൽ അക്കാര്യത്തിൽ പ്രത്യേകം ഇടപെടൽ നടത്തുന്നതായിരിക്കും.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, 21-02-2023-ലെയും 17-02-2023-ലെയും സർക്കാർ ഉത്തരവുകളെ സ്വാഗതം ചെയ്യുകയാണ്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാക്ടറികൾക്കാണ് അതിന്റെ പ്രയോജനം ലഭിക്കുകയെന്നുള്ളത് അങ്ങേയ്ക്ക് അറിയാമല്ലോ; പ്രതിസന്ധിയിലായ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിച്ചെങ്കിൽ മാത്രമെ ഈ വ്യവസായത്തെ സംരക്ഷിക്കാനും തൊഴിൽ നൽകാനും സാധിക്കുകയുള്ളൂ. സർക്കാർ എസ്.എൽ.ബി.സി.-യുമായി ചേർന്ന് തുടങ്ങിവച്ച ഏകജാലക പദ്ധതിയുണ്ട്. അതിൽ പത്ത് ശതമാനം തുക കൊടുത്തവരുടെ

കാര്യത്തിൽപോലും ആയത് സെറ്റിൽ ചെയ്യുന്നതിന് ബാങ്കുകൾ വലിയ വിമുക്തയാണ് കാണിക്കുന്നത്. ഗവൺമെന്റ് ഈ പ്രോസസ്സിൽ നിൽക്കുമ്പോൾതന്നെ ജപ്തി നടപടികളുമായി ബാങ്കധികൃതർ വ്യവസായികളുടെ വീടിനുമുമ്പിൽ വന്നുനിൽക്കുകയാണ്. 60 കോടി രൂപയുണ്ടെങ്കിൽ അതിൽ 10 ശതമാനം വ്യവസായികൾ പിന്നീട് തിരിച്ചടയ്ക്കും. ഇതൊരു നിർദ്ദേശമായി പരിഗണിക്കണം. 600-ഓളം വ്യവസായികളെ ഈ പദ്ധതിയിൽ കൊണ്ടുവരുകയും കൊല്ലം ജില്ലയിലും സംസ്ഥാനത്തുമായി 1,00,000 ഓളം പേർക്ക് നേരിട്ട് തൊഴിൽ നൽകാനും കഴിയും. ഇക്കാര്യത്തിൽ 60 കോടി രൂപയുടെ ആവശ്യം മാത്രമെയുള്ളൂ. One Time settlement (OTS) സ്കീം നടപ്പിലാക്കാൻവേണ്ടി State Level Bankers Committee(SLBC)-യുമായി ചേർന്ന് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും ധനകാര്യ മന്ത്രിയും ഇപ്പോൾ എടുക്കുന്ന സംരംഭം ഫലപ്രദമായി പൂർത്തിയാക്കാൻ കഴിയുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അങ്ങേയ്ക്ക് കാര്യങ്ങൾ വിശദമായി അറിയാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എസ്.എൽ.ബി.സി. ബാങ്ക് പ്രതിനിധികൾ, വ്യവസായികൾ, ട്രേഡ്

യുണിയൻ എന്നിവരുമായി പല തവണ ചർച്ച ചെയ്തു. അദ്ദേഹം ചുമതലപ്പെടുത്തിയതനുസരിച്ച് ആ പ്രവർത്തനം ഞാനും ധനകാര്യ വകുപ്പുമന്ത്രിയും മുന്നോട്ടുകൊണ്ടു പോയി. അതിന്റെയടിസ്ഥാനത്തിലാണ് ഈ പാക്കേജ് തയ്യാറാക്കിയത്. ആ പാക്കേജ് എന്താണെന്ന് അങ്ങേയ്ക്കറിയാവുന്നതാണ്. 2 കോടി രൂപ വരെ വായ്പയെടുത്ത ആളാണെങ്കിൽ പലിശയും പിഴ പലിശയും പൂർണ്ണമായി എഴുതിത്തള്ളാൻ ബാങ്കുകൾ സമ്മതിച്ചു. ഈ 2 കോടി രൂപയുടെ 50 ശതമാനമായ ഒരു കോടി രൂപ മാത്രം അടച്ചാൽ മതി. ടി 1 കോടി രൂപയുടെ 10 ശതമാനം അതായത്, 10 ലക്ഷം രൂപ 6 മാസത്തിനുള്ളിൽ മതി. ആ നിലയ്ക്ക് പത്ത് ലക്ഷം രൂപ പോലും അടയ്ക്കാൻ കഴിയാത്തൊരാളെ ഇപ്പോൾ സർക്കാർ സപ്പോർട്ട് ചെയ്താൽ അത് എങ്ങനെ മുന്നോട്ടുകൊണ്ടുപോകും; അവർ ടി തുക തിരിച്ചടയ്ക്കുമെന്നാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്. ഇതിനേക്കാൾ നല്ലൊരു സ്കീം എങ്ങനെ ഉണ്ടാക്കാൻ സാധിക്കും. 2 കോടിയ്ക്കും 10 കോടിയ്ക്കും ഇടയ്ക്കാണെങ്കിൽ പലിശയും പിഴപലിശയും പൂർണ്ണമായി എഴുതികളയാൻ ബാങ്കുകാർ സമ്മതിച്ചു. അതിന്റെ 60 ശതമാനം തിരിച്ചടയ്ക്കണം. 4 കോടി രൂപ വായ്പയെടുത്തിട്ടുണ്ടെങ്കിൽ 2 കോടി 40 ലക്ഷം രൂപ തിരിച്ചടച്ചാൽ മതി.

ഈ 2 കോടി 40 ലക്ഷത്തിന്റെ 10 ശതമാനം 24 ലക്ഷം ആറ് മാസത്തിനുള്ളിൽ അടച്ചാൽ മതി. ആ പാക്കേജിന്മേൽ 345 കോടി രൂപയുടെ വായ്പകളുടെ ധാരണയായി. അങ്ങ് സൂചിപ്പിച്ചതുപോലെ ചില ആളുകൾക്ക് 10 ശതമാനംപോലും തിരിച്ചടയ്ക്കാൻ കഴിയാത്തവരുണ്ട്. അത് വളരെ കൃത്യമായ കാര്യമാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ ഒരു പരിധിക്കപ്പുറം ആരെയും സഹായിക്കാൻ സാധിക്കില്ല. അതിനിടയിൽ ചില സംഘടനങ്ങൾ സർക്കാർ ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളൊന്നും ഇതംഗീകരിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി കോടതിയെ സമീപിക്കാൻ തീരുമാനിച്ചുവെന്ന് പറഞ്ഞ് എന്നെ കാണാൻ വന്നപ്പോൾ ഈ വിഷയം കോടതിയിൽ നിലനിൽക്കില്ലെന്നും നിങ്ങൾ വലിയൊരപകടമാണ് ചെയ്യുന്നതെന്നും പറഞ്ഞെങ്കിലും അതൊന്നും പരിഗണിക്കാതെ അവർ കോടതിയെ സമീപിച്ചു. കോടതി പറഞ്ഞു, ബാങ്കിംഗ് യൂണിയൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് എന്ത് അധികാരമുള്ളത്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ ഈ ഉത്തരവ് നിലനിൽക്കില്ലെന്ന് പറഞ്ഞ് ഈ വ്യവസായികൾ കോടതിയിൽനിന്ന് ഉത്തരവ് വാങ്ങിച്ചു. വേണമെങ്കിൽ ബാങ്കുകൾക്ക് റിസർവ് ബാങ്കിന്റെ

മാർഗ്ഗനിർദ്ദേശപ്രകാരം മാനുഷികപരിഗണന വച്ച് പരിഗണിക്കാമെന്നുള്ളതാണ് ഇപ്പോൾ വന്നിട്ടുള്ള വിധി. അത് സർക്കാരിന് ചില പരിമിതി സൃഷ്ടിച്ചിട്ടുണ്ട്. പരമാവധി ഓരോ കേസിൽ പോലും ഇടപെടാൻ സർക്കാർ ഒരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. എസ്.എൽ.ബി.സി. കൺവീനറും അക്കാര്യത്തിൽ ഗവൺമെന്റുമായി സഹകരിക്കുന്നുണ്ട്.

## വ്യവസായ വികസനത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രാധാന്യം

(*333) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയുടെ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് നിർണ്ണായക പങ്കുവഹിക്കാനാകുമെന്നത് പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ ഇത്തരം

സംരംഭങ്ങളുടെ പ്രാധാന്യം വിലയിരുത്തി ആവശ്യമായ പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക ഹെൽപ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും കൂടുതൽ പ്രാധാന്യം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) ഗ്രാമീണ മേഖലയുടെ വികസനത്തിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പങ്ക് അവലോകനം ചെയ്തുകൊണ്ട് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പഠനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല. എങ്കിലും കേരളത്തിന്റെ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ പ്രധാന പങ്കുവഹിക്കുന്നുവെന്നുള്ള

കാര്യം മുന്നിൽകണ്ടുകൊണ്ട് ഈ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും തുടർന്ന് ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാനസൗകര്യങ്ങളൊരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി കേരളത്തെ മികച്ച നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റികൊണ്ടിരിക്കുന്നു.

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യംവച്ചുകൊണ്ട്, വ്യവസായ വകുപ്പ് വിവിധ പദ്ധതികളാവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നയങ്ങൾ, വിവിധ പരിശീലന പരിപാടികൾ, വിപണനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ എന്നിവ

കൂടാതെ സംരംഭക വർഷത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികളും ഈ മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിരിക്കുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്.

1) സംരംഭക സഹായ പദ്ധതി

2) ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്

3) നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി

4) സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ/പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായ പദ്ധതികൾ

(a) The Kerala stressed MSMEs Revival & Rehabilitation Scheme

(b) Revival and rehabilitation scheme for defunct MSMEs and cashew processing units.

5) ഒരു കുടുംബം ഒരു സംരംഭം പദ്ധതി

6) മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായപദ്ധതി

7) നിലവിലുള്ള എം.എസ്.എം.ഇ.-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം.

(സി) കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെൽപ്ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി പരിശീലന പരിപാടികൾ, ധനസഹായ പരിപാടികൾ, പ്രദർശന വിപണന മേളകൾ, അടിസ്ഥാനസൗകര്യ വികസനം മുതലായ സഹായങ്ങൾ വ്യവസായ വകുപ്പ് മുഖാന്തരം നൽകിവരുന്നുണ്ട്. ഈ പദ്ധതികളെല്ലാംതന്നെ വനിതാ സംരംഭകർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മുൻഗണന നൽകിവരുന്നു. സംരംഭക സഹായപദ്ധതിയിൽ (ESS) സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 15% (പരമാവധി 30 ലക്ഷം രൂപ) വരെ സബ്സിഡി നൽകുമ്പോൾ വനിത/എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 25% (പരമാവധി 40 ലക്ഷം രൂപ) വരെ നൽകുന്നു.

ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതിയിൽ 30% സ്ത്രീ സംരംഭകരായിരിക്കണമെന്ന് വിഭാവനം ചെയ്തിട്ടുണ്ട്. 30% ഗ്രാന്റ്, 30% ഗുണഭോക്തൃ വിഹിതം, 40% ബാങ്ക് വായ്പയെന്ന അനുപാതം നിശ്ചയിച്ചിട്ടുള്ള പദ്ധതിയിൽ വനിതാ സംരംഭകർ/പട്ടികജാതി/പട്ടികവർഗ്ഗം എന്നിവരുൾപ്പെടുന്ന മുൻഗണനാ വിഭാഗത്തിന് 40% ഗ്രാന്റ്, 20% ഗുണഭോക്തൃ വിഹിതം, 40% ബാങ്ക് വായ്പ എന്ന അനുപാതം നിശ്ചയിച്ചിരിക്കുന്നു.

നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ വനിത/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 8% വരെ സബ്സിഡി റീ-ഇമ്പേഴ്സ്മെന്റ് വഴി നൽകുന്നു.

50% സ്ത്രീ സംരംഭകർക്കായി അനുവദിക്കാൻ വിഭാവനം ചെയ്തിട്ടുള്ള 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിയിൽ 10 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പയുടെ 4% അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകും. വ്യവസായ വകുപ്പ് സംരംഭകർക്ക് നൽകുന്ന അവാർഡുകളിലും സ്ത്രീ സംരംഭകർക്കും പട്ടികജാതി/പട്ടികവർഗ്ഗ

വിഭാഗത്തിനും പ്രത്യേക അവാർഡ് നൽകുന്നുണ്ട്.

കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വനിതകൾക്കും കൂടുതൽ പ്രാധാന്യം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരളത്തിന്റെ വ്യവസായ വളർച്ച റെക്കോർഡ് ഉയർച്ചയിലാണ്. അതിന് ഗവൺമെന്റിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതനുസരിച്ച് സൂക്ഷമ-ചെറുകിട-ഇടത്തരം സംരംഭകങ്ങളുടെ ഉല്പന്നങ്ങൾക്കും വ്യവസായ-വാണിജ്യ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾക്കും വിപണി ലഭ്യതയ്ക്കായി ഇ-പോർട്ടൽ രൂപീകരിക്കാനും എം.എസ്.എം.ഇ. മേഖലകളിലെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള എക്സിബിഷൻ സംഘടിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യവും ഉന്നയിച്ച ചോദ്യവും വളരെ പ്രസക്തമാണ്. യഥാർത്ഥത്തിൽ ഇപ്പോൾ

ധാരാളം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ സംരംഭങ്ങൾക്ക് ഇനി വരാൻപോകുന്ന ഒരു പ്രതിസന്ധി മാർക്കറ്റിംഗാണ്. അതായത്, ഉല്പന്നങ്ങൾ വിൽക്കാൻ കഴിയേണ്ടതുണ്ട്. അക്കാര്യം സർക്കാർ മുന്നിൽ കാണുന്നുണ്ട്. അതിനായി നേരത്തെ സൂചിപ്പിച്ചതുപോലെ മേക്ക് ഇൻ കേരള പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെകൂടി സഹായത്തോടെ വിപണനത്തിനാവശ്യമായ സൗകര്യമൊരുക്കാം. ഡിജിറ്റൽ യൂണിവേഴ്സിറ്റിയും കെൽട്രോണും വ്യവസായ വകുപ്പുംചേർന്ന് ചർച്ച നടത്തി ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റ് ഓഫ് പോസ്റ്റലാണ് അതിന്റെ ലോജിസ്റ്റിക് പാർട്ട് കൈകാര്യം ചെയ്യുന്നത്. ഇന്ത്യയിലെ പല ഇ-കോമേഴ്സും അവരാണ് ചെയ്യുന്നത്. അവരുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഓൺലൈൻ വഴി ഉല്പന്നങ്ങൾ വിൽക്കുന്നതിനുള്ള ഒരു സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ താലൂക്കുകളിലും ഇതിനോടകംതന്നെ മേളകൾ നടത്തിയിട്ടുണ്ട്. അത് തുടരാനും വലിയ എക്സിബിഷനുകൾ സംസ്ഥാനതലത്തിൽ സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഫുഡ് പ്രോസസിംഗ് സംബന്ധിച്ച് തൃശ്ശൂരും പ്ലാന്റേഷൻ സംബന്ധിച്ച് തിരുവനന്തപുരത്തും എക്സിബിഷനുകൾ സംഘടിപ്പിച്ചിരുന്നു. അങ്ങനെ

ഓരോ മേഖലതിരിച്ചിട്ടുള്ള എക്സിബിഷനുകൾ വിപണനത്തിന് സഹായകരമായ രൂപത്തിൽ ആരംഭിക്കുന്നുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, വ്യവസായ വളർച്ചയോടൊപ്പം കാർഷിക അനുബന്ധമേഖലയുടെ വളർച്ചയും ഉറപ്പാക്കേണ്ടതുണ്ട്. 6.7% വളർച്ച കൈവരിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതിന്റെ ഭാഗമായി കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൂഷ്മ-ചെറുകിട-ഇടത്തരം ഭക്ഷ്യസംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അതുപോലെ നിലവിൽ അടഞ്ഞുകിടക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ പാക്കേജ് തയ്യാറാക്കാനുള്ള ഇടപെടലുണ്ടാകുമോ?

ശ്രീ. പി. രാജീവ്: സർ, രണ്ട് ചോദ്യങ്ങളാണുള്ളത്. ഒന്ന്, ഡ്രാഫ്റ്റ് ഇൻഡസ്ട്രിയൽ പോളിസിയിൽ ഫുഡ് പ്രോസസിംഗ് ഒരു പ്രയോരിറ്റി മേഖലയായാണ് കണ്ടിട്ടുള്ളത്. പുതിയതായി ആരംഭിച്ച എം.എസ്.എം.ഇ.-കൾ (സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ) പരിശോധിച്ചാൽ 24000-ത്തിലധികം ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രികളാണ്. ഫുഡ് പ്രോസസിംഗ്

സംരംഭം ആരംഭിക്കുന്നതിന് നിർബന്ധമായും ലൈസൻസ് ഉണ്ടായിരിക്കണം. അതിനർത്ഥം ഈ വർഷം തന്നെ ഇത്രയും സംരംഭങ്ങൾ ആരംഭിച്ചുവെന്നും അതിൽതന്നെ നല്ലൊരു പങ്കും സ്ത്രീ സംരംഭകരാണെന്നതുമാണ്. അവർക്കാവശ്യമായ പിന്തുണ ഗവൺമെന്റ് നൽകുന്നുണ്ട്. ഇന്ത്യയിൽ ആദ്യമായി ഇതിനായി സർക്കാർ ഒരു മിഷൻ രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായും കൃഷി വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും വൈസ് ചെയർമാനായും വിവിധ വകുപ്പുകൾ ചേർന്ന് ഒരു മിഷൻ രൂപീകരിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ പ്രൊഡക്ടിവിറ്റി കൂട്ടുകയും അതിന്റെ അടിസ്ഥാനത്തിൽ അവയെ ഉല്പന്നങ്ങളാക്കി മാറ്റുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ആദ്യഭാഗം കൃഷി വകുപ്പിന്റേതും രണ്ടാമത്തെ ഭാഗം വ്യവസായ വകുപ്പിന്റേയും ചുമതലയാണ്. ഈ രണ്ട് വകുപ്പുകളുടെ ഏകോപനത്തോടെയും മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടിയും ഇന്ത്യയിലാദ്യമായി ഒരു മിഷൻ രൂപീകരിച്ചിട്ടുണ്ട്. അതിലൂടെ വ്യവസായ രംഗത്ത് നല്ല മുന്നേറ്റമുണ്ടാക്കാനും കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കാനും തൊഴിലവസരം സൃഷ്ടിക്കാനും കഴിയുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. രണ്ടാമത്, അങ്ങ് പറഞ്ഞതിൽ

അടഞ്ഞുപോയ അല്ലെങ്കിൽ പ്രതിസന്ധി നേരിടുന്ന സംരംഭങ്ങളെപ്പറ്റിയാണ്. അതിനായി സംരംഭങ്ങൾ ആരംഭിച്ച് വിജയിച്ചവരോടൊപ്പംതന്നെ പരാജയപ്പെട്ടവരുടെയും ഒരു പ്രത്യേക യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്തെല്ലാം പ്രതിസന്ധികളാണ് അവരെ പരാജയത്തിലേയ്ക്ക് എത്തിച്ചതെന്ന് അവരിൽനിന്നും പഠിക്കാനും അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാമെന്ന് മനസ്സിലാക്കുന്നതിനും വേണ്ടിയാണ് അവരുടെ യോഗം വിളിച്ചു ചേർക്കാൻ സർക്കാർ ആലോചിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സാങ്കേതികവിദ്യാ മേഖലയിൽ സംരംഭകത്വ പ്രായോഗിക പരിശീലനം നൽകുന്നുണ്ടോ; എക്സിബിഷനെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചു. പതിനായിരക്കണക്കിന് സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ ഗ്രാമീണ മേഖലയിൽ ആരോഗ്യ-വിദ്യാഭ്യാസ-വ്യാവസായിക-സാംസ്കാരിക പരിപാടികളെല്ലാം സംയോജിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗിനുവേണ്ടി പഞ്ചായത്തുകൾതോറും അത്തരമൊരു പരിപാടി സംഘടിപ്പിക്കാൻ

ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, എല്ലാ പഞ്ചായത്തിലും സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ രണ്ട് ലക്ഷത്തോളം പേർ പങ്കെടുത്തതിൽ 177599 പേരാണ് സംരംഭകരാകാൻ താല്പര്യം പ്രകടിപ്പിച്ചത്. അതിലൂടെ അവർക്കാവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇതിനുപുറമെ ക്ലിനിക്കുകൾ ആരംഭിക്കുകയും അതിലൂടെ സംരംഭകർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. വിപണനത്തിന്റെ കാര്യത്തിൽ താലൂക്ക് അടിസ്ഥാനത്തിലാണ് മേളകൾ നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ നേരത്തെ സൂചിപ്പിച്ചിരുന്നു. സിവിൽ സപ്ലൈസും സഹകരണ വകുപ്പും ചേർന്ന് വിപണം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീമതി സി. കെ. ആശ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, തനത് കാർഷിക ഉല്പന്നങ്ങളുടെ സംരംഭങ്ങളെ കൂടുതലായി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട ഇടപെടൽ സർക്കാർ നടത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞു. കേരളത്തിന്റെ മത്സ്യസമ്പത്തിന്റെ കാര്യവും അതുപോലെയാണ്. നിരവധി മത്സ്യകർഷകർ

ഈ സംരംഭത്തിലേയ്ക്ക് കടന്നുവന്നിരിക്കുന്ന സാഹചര്യത്തിൽ മത്സ്യസമ്പത്തിനെ മറ്റ് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുവേണ്ടി മത്സ്യകർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുമോ?

ശ്രീ. പി. രാജീവ്: സർ, വളരെ പ്രസക്തമായൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. ഇപ്പോൾ കേരളത്തിൽ മത്സ്യകൃഷി നടത്തുമ്പോൾ അത് കഴിക്കാൻവേണ്ടി മാത്രം ഉപയോഗിക്കുകയാണെങ്കിൽ കർഷകർക്ക് നഷ്ടമായിരിക്കും സംഭവിക്കുന്നത്. അതിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ, വലിയ മത്സ്യത്തിന്റെ മുള്ളിൽനിന്ന് കാൽസ്യം, ബ്രയിനിൽനിന്ന് മെമ്മറി വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ ഫുഡ് സപ്ലിമെന്റുകൾ, അതിന്റെ സ്കിന്നിൽനിന്ന് പ്രായം കുറയ്ക്കുന്നതിനുള്ള സപ്ലിമെന്റുകളൊക്കെ ലോക വിപണിയിൽ വരുന്നുണ്ട്. മത്സ്യവകുപ്പും വ്യവസായ വകുപ്പുമായി ചേർന്ന് അത്തരം സാധ്യതകളെ സംബന്ധിച്ചുള്ള യോഗം നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അവർ ചില പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. വ്യവസായ വകുപ്പും ഫിഷറീസ് വകുപ്പുമായി ചേർന്നാണ് അതിൽ പ്രവർത്തിക്കുന്നത്. മത്സ്യം ഉല്പാദനത്തിൽ നേരത്തെ

കേരളമായിരുന്നു മുന്നിൽ നിന്നിരുന്നത്. ഇപ്പോൾ ആന്ധ്രാപ്രദേശാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. ഇപ്പോൾ 67% മത്സ്യവും ആന്ധ്രാപ്രദേശിൽ നിന്നാണ് വരുന്നത്. കേരളത്തിലെ 75% സീ ഫുഡ് പ്രോസസ്സിംഗ് സ്ഥാപനങ്ങളും ഇ.യു. സർട്ടിഫൈഡാണ്. 1000 കോടി രൂപ ടേൺ ഓവറുള്ള ഒന്നിലധികം സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. എന്നാൽ സംസ്ഥാനത്ത് മത്സ്യത്തിന്റെ ലഭ്യതയിൽ കുറവ് നേരിടുന്നുണ്ട്. അത് പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് പ്രത്യേകമായി ചില പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ഇരുവകുപ്പുകളും ചേർന്ന് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, നിലവിൽ അടഞ്ഞുകിടക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇക്കാര്യത്തെക്കുറിച്ച് നേരത്തെ വിശദമായി പറഞ്ഞതാണ്. എല്ലാ യൂണിറ്റുകളും തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചുവെന്ന് വരില്ല. 30-40 ശതമാനം അടഞ്ഞുപോകുന്നതാണ്. എന്നാൽ സർക്കാർ സഹായത്തോടെ രക്ഷപ്പെടുത്താൻ സാധിക്കുമെങ്കിൽ അത്തരം

സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ ഇടപെടുന്നതാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ സംരംഭകർക്ക് ലഭിക്കുന്ന വരുമാനത്തിന്റെ ചെറിയ ഭാഗം അതത് കർഷകർക്ക് ലഭ്യമാക്കണമെന്ന നയം നേരത്തെ ചർച്ച ചെയ്യുതും തീരുമാനമെടുത്തതുമാണ്. അത് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് നേതൃത്വം നൽകിയിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അങ്ങ് ചോദിച്ചത് വളരെ ന്യായവും കാർഷിക സമൂഹത്തിൽ വളരെ പ്രസക്തവുമായൊരു ചോദ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിമാർ ഈ പ്രശ്നം ഉന്നയിക്കുന്നുമുണ്ട്. സർക്കാർ നടപ്പിലാക്കുന്ന മിഷനിലൂടെ ഇക്കാര്യവും ചർച്ച ചെയ്യുന്നുണ്ട്. ഇന്നലെ മാഞ്ഞാലി ബാങ്ക് സംഘടിപ്പിച്ച ഒരു പരിപാടിയിൽ ഞാനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഒരുമിച്ച് പങ്കെടുത്തതിരുന്നു. മുൻകാലങ്ങളിൽ കൂവ കൃഷി ചെയ്യുമായിരുന്നില്ല. എന്നാൽ ഇപ്പോൾ കൂവ കൃഷി വ്യാപകമായിട്ടുണ്ട്. വ്യാപകമായി കൂവ കൃഷി ചെയ്ത് പൊടിയാക്കി ഇന്റർനാഷണൽ നിലവാരത്തിൽ പാക്ക് ചെയ്യുകയാണ്. നെതർലാൻഡിൽനിന്ന് ഇപ്പോൾ കൂവപ്പൊടിക്കുവേണ്ടിയുള്ള ഓർഡർ ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ കുറെ

സംരംഭങ്ങൾ വരുന്നുണ്ട്. സ്വാഭാവികമായും അതെല്ലാം വരുന്നതോടുകൂടി കർഷകർക്ക് വരുമാനം വർദ്ധിക്കും. മൂല്യവർദ്ധനവ് വരുമ്പോൾത്തന്നെ ക്വാളിറ്റി പ്രൊഡക്ടിലേയ്ക്ക് വരും. വൈഗ പ്രോഗ്രാം നടന്നപ്പോൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ ബി ടു ബി യിൽ കർഷകരും വ്യവസായികളും പങ്കെടുത്തിരുന്നു. വ്യവസായികൾക്ക് എത്ര ക്വാന്റിറ്റി വേണമെന്നതുസംബന്ധിച്ച് കർഷകർ ഉറപ്പ് നൽകണം. അങ്ങനെയുള്ള നിരവധി ധാരണാപത്രങ്ങൾ ഒപ്പുവച്ചു. ഞാനും അതിൽ പങ്കെടുത്തിരുന്നു. അതിന്റെ ഭാഗമായി ഫുഡ് പ്രോസസ്സിംഗ് വാല്യു അഡീഷനിലൂടെ കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുകയെന്നത് പ്രധാനപ്പെട്ട ഉദ്ദേശ്യമാണ്.

**കിഫ്ബി മുഖേനയുള്ള വൻകിട വികസന പദ്ധതികൾ**

(*334) <u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീ എ. സി. മൊയ്തീൻ</u>:
<u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയ്ക്ക് വേണ്ടത്ര പണം വകയിരുത്തിയിട്ടില്ലെന്ന് കിഫ്ബിയെ വിമർശിച്ചവർ തന്നെ ആക്ഷേപം ഉന്നയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കിഫ്ബിക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള

തുകയെത്രയെന്ന് അറിയിക്കാമോ;

(ബി) തിരുവനന്തപുരം വികസന ഇടനാഴി, കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി, വ്യവസായ പാർക്കുകൾ എന്നിവ ഉൾപ്പെടെ കിഫ്ബി മുഖേനയുള്ള വൻകിട വികസന പദ്ധതികൾ സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പണം ലിവറേജ് ചെയ്ത് പല മടങ്ങ് മൂലധന നിക്ഷേപം ഉറപ്പ് വരുത്തുകയെന്ന ബദൽ വികസന മാർഗ്ഗമെന്ന നിലയിലുള്ള കിഫ്ബിയുടെ പ്രാധാന്യം വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) കിഫ്ബിക്ക് വേണ്ടത്ര പണം വകയിരുത്തിയിട്ടില്ലെന്ന രീതിയിലുള്ള പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് വസ്തുതയല്ല. മോട്ടോർ വാഹന നികുതിയുടെ വിഹിതമായി 2215 കോടി രൂപയും പെട്രോളിയം സെസ്സ് ഇനത്തിൽ 594 കോടി രൂപയും ഉൾപ്പടെ 2809 കോടി രൂപ കിഫ്ബിക്കായി 2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഡീറ്റെയിൽഡ് ബജറ്റ് എസ്റ്റിമേറ്റ്- volume 2-ലെ

പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധം-1 ആയി+ നൽകുന്നു.

കൂടാതെ കോർപ്പസ് ഫണ്ട്, മോട്ടോർ വാഹന നികുതിയുടെ വിഹിതം, പെട്രോളിയം സെസ്സ്, ഗ്രാന്റ് എന്നീ ഇനങ്ങളിലായി ഇതിനോടകം 15,103.96 കോടി രൂപ സർക്കാരിൽനിന്നും കിഫ്ബിക്ക് നൽകിയിട്ടുണ്ട്. വിവരങ്ങൾ അനുബന്ധം-2+ ആയി നൽകുന്നു.

(ബി) 27-02-2023-ലെ കിഫ് ബോർഡ് മീറ്റിംഗിൽ അംഗീകാരം നൽകിയ പദ്ധതികളുൾപ്പടെ കിഫ്ബിയിലുൾപ്പെടുത്തി സംസ്ഥാനത്ത് നാളിതുവരെ വിവിധ വകുപ്പുകളിലായി 80,352.04/- കോടി രൂപയുടെ 1057 പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം 3 ആയി+ ചേർത്തിട്ടുണ്ട്. 60,352.04/- കോടി രൂപയുടെ 1050 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും 20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തി ഏഴ് പദ്ധതികൾക്കുമാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. 20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിലുൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ പ്രധാനമായും വ്യവസായ ഇടനാഴികളുടെയും, വ്യവസായ പാർക്കുകളുടെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലമേറ്റെടുപ്പിനും ദേശീയപാതാ വികസനത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സംസ്ഥാന വിഹിതം നൽകുന്നതിനുമുള്ള പദ്ധതികളാണ്. വിശദാംശം അനുബന്ധം 4 ആയി+ ചേർത്തിട്ടുണ്ട്. തിരുവനന്തപുരത്തെ ബയോ ലൈഫ് സയൻസ് പാർക്ക്, കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, പെട്രോകെമിക്കൽ പാർക്ക്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്ഥലമേറ്റെടുക്കൽ, കണ്ണൂർ-പാലക്കാട് വ്യവസായ പാർക്കുകൾക്കുള്ള സ്ഥലമേറ്റെടുക്കൽ, ഗിഫ്റ്റ് സിറ്റി എന്നിവയാണ് വ്യവസായ മേഖലയ്ക്ക് കീഴിലുള്ള പദ്ധതികൾ. ഇതിൽ ബയോ ലൈഫ് സയൻസ് പാർക്കിനുള്ള മുഴുവൻ തുകയും കിഫ്ബി നൽകിക്കഴിഞ്ഞു. കൊച്ചി അമ്പലമുകളിൽ പെട്രോകെമിക്കൽ പാർക്കിനുള്ള സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, കണ്ണൂർ-പാലക്കാട് വ്യവസായ പാർക്ക് എന്നിവയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ മറ്റ് വൻകിട അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെയും പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കുന്നതിനായി അതത് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുകയും കൃത്യമായ ഇടവേളകളിൽ പദ്ധതി പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികൾ, വകുപ്പുകൾ എന്നിവരെയുൾപ്പെടുത്തി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ആവശ്യമായ ഇടപെടലുകളും സഹായങ്ങളും നൽകുകയും ചെയ്തുവരുന്നു.

(സി) സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ വിഭാവനം ചെയ്തത്. ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട്, ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തുനിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തലസൗകര്യം ഇപ്പോൾതന്നതന്നെ സൃഷ്ടിക്കുകയെന്നതാണ് കിഫ്ബിയിലൂടെ നടപ്പാക്കിവരുന്നത്. വരുമാനത്തിന്റെ ചെറിയൊരു പങ്ക്

വർഷംതോറും കിഫ്ബിക്ക് സർക്കാർ വിഹിതമായി നൽകിക്കൊണ്ട് വിദൂരഭാവിയിൽ മാത്രം സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നുതന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്. കിഫ്ബി ആക്റ്റിൽ നിഷ്കർഷിക്കുന്ന പ്രകാരം കിഫ്ബിക്ക് വാർഷികമായി നൽകേണ്ട വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്നും കിഫ്ബിയുടെ പ്രവർത്തങ്ങൾ സുഗമമായി നടക്കുന്നുണ്ടെന്നതും സർക്കാർ ഉറപ്പുവരുത്തുന്നു. കിഫ്ബി മുഖേന നാളിതുവരെ ആകെ 80,352 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിനോടകം 23,095 കോടി രൂപയാണ് കിഫ്ബി പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചത്. കോവിഡിനെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിൽ അടിസ്ഥാന സൗകര്യപദ്ധതികൾക്കായുള്ള ഈ ധനവിനിയോഗം സഹായകമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ മൂലധനച്ചെലവ് 2020-21 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച കണക്കനുസരിച്ച് ജി.എസ്.ഡി.പി (ഗ്രോസ് സ്റ്റേറ്റ് ഡൊമെസ്റ്റിക് പ്രോഡക്റ്റ്)-യുടെ 2 ശതമാനത്തിലേറെയായിരുന്നു. തൊട്ടുമുമ്പുള്ള എട്ടുവർഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ

വർഷങ്ങളിൽ കിഫ്ബിയിടെ നല്ല പ്രവർത്തനംമൂലം നമ്മുടെ മൂലധനച്ചെലവ് ജി.എസ്.ഡി.പി.-യുടെ 2.30 ശതമാനത്തിലെത്തിയതാണ് ഈ നേട്ടത്തിന് കാരണമായത്. പ്രളയവും കോവിഡ് മഹാമാരിയും നാശം വിതച്ച കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് പ്രത്യക്ഷമായും പരോക്ഷമായും ഒരു കൈത്താങ്ങായിമാറാൻ കിഫ്ബി മുഖേനയുള്ള പ്രവർത്തനങ്ങൾക്കായി എന്ന് ആത്മവിശ്വാസത്തോടെ പറയുവാൻ സാധിക്കും. ആധുനിക വിദ്യഭ്യാസ സൗകര്യങ്ങൾ, കെ-ഫോൺ, ട്രാൻസ്ഗ്രിഡ് 2.0 ആശുപത്രികൾ, ഡയാലിസിസ് യൂണിറ്റുകൾ, കാത്‌ലാബുകൾ, കായിക സമുച്ചയങ്ങൾ, സാംസ്കാരിക സമുച്ചയങ്ങൾ, റോഡുകൾ, പാലങ്ങൾ, റെയിൽവേ മേൽപ്പാലങ്ങൾ, തീരദേശ ഹൈവേ, മലയോര ഹൈവേ, തുരങ്കപാത, തീരദേശ സംരക്ഷണം, തുറമുഖ സംരക്ഷണം, പുലിമുട്ടുകൾ സ്ഥാപിക്കൽ, പട്ടികജാതി വകുപ്പിനുകീഴിൽ ഐറ്റിഐകൾ, മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, വ്യവസായ വകുപ്പിനുകീഴിൽ ഓങ്കോളജി പാർക്ക്, ജലപാതകളുടെ നവീകരണം, വിവിധ ജലസേചന പദ്ധതികൾ എന്നിങ്ങനെ കേരളത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന വികസനമാണ് കിഫ്ബി വഴി പുരോഗമിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം ചുമതലപ്പെടുത്തിയപ്രകാരം (ശ്രീ. ഐ. ബി. സതീഷ്): സർ, കിഫ്ബി പദ്ധതിയെ ദുർബലപ്പെടുത്താൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നുണ്ടോ; കിഫ്ബി പദ്ധതിയെ തുരങ്കം വയ്ക്കാൻ ഏതൊക്കെ തരത്തിലുള്ള ഇടപെടലുകളാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പ്രത്യേക ആക്ട് പാസ്സാക്കി അതനുസരിച്ചൊരു വിഹിതം എല്ലാവർഷവും സംസ്ഥാന ബജറ്റിൽ നിന്നും ഉറപ്പാക്കിയും ബാക്കി കടമെടുക്കുകയും ചെയ്യുകയെന്ന നിലയ്ക്കാണ് കിഫ്ബി ആരംഭിച്ചത്. ആ കടം കൃത്യമായി തിരിച്ചടിക്കുന്നതിനുള്ള പദ്ധതിയുണ്ട്. അതിനായി അസറ്റ് ലയബിലിറ്റി മാനേജ്മെന്റിനൊരു സ്കീമുണ്ട്. അതനുസരിച്ച് തിരിച്ചടവും കാര്യങ്ങളും നടന്നുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ, രണ്ടുവർഷം മുമ്പാണ് ആദ്യമായി കിഫ്ബി എടുക്കുന്ന ലോണും സംസ്ഥാനത്തെ സോഷ്യൽ സെക്യൂരിറ്റി പെൻഷനുമായി ബന്ധപ്പെട്ട കമ്പനിയെടുക്കുന്ന ലോണും കടവും സംസ്ഥാന ബജറ്റിന്റെ ഭാഗമാകണമെന്ന കേന്ദ്ര സർക്കാർ നിലപാടിനെതിരെ സംസ്ഥാന സർക്കാർ ശക്തമായ

അഭിപ്രായം പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതൊന്നും സംസ്ഥാനത്തിന്റെ ബോറോയിംഗിന്റെ ഭാഗമാക്കാൻ പാടില്ലെന്ന നിയമനിർദ്ദേശമാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്. പക്ഷെ, സംസ്ഥാന ബോറോയിംഗിന്റെ ഭാഗമാക്കി ഈ വർഷം പതിനയ്യായിരത്തിലധികം കോടി രൂപ ഒരുമിച്ച് കണക്കാക്കി കുറയ്ക്കാൻ തീരുമാനിച്ചു. അതിന്റെ നാലിലൊന്ന് തുക ഈ സാമ്പത്തികവർഷം കുറച്ചുവെന്ന് മാത്രമല്ല, ഫെബ്രുവരി രണ്ടാം തീയതി കേന്ദ്ര ബജറ്റിന്റെ തൊട്ടടുത്ത ദിവസം ഈ വർഷം കിട്ടേണ്ട കടത്തിൽ 2700 കോടി കൂടി കുറച്ചു. ഇങ്ങനെ സംസ്ഥാന ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെയാകെ ശ്വാസംമുട്ടിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഇതുപോലത്തന്നെ നാഷണൽ ഹൈവേയ്ക്കും മറ്റ് കാര്യങ്ങൾക്കുമായി പണം കടമെടുക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായി പ്രത്യേകമായി പണമെടുക്കുകയും ഗ്യാരന്റി കൊടുക്കുകയും ചെയ്യുന്ന സമീപനം കേന്ദ്രസർക്കാരും സ്വീകരിക്കുന്നുണ്ട്. ആ നിലയ്ക്ക് സംസ്ഥാന സർക്കാരിനോട് കാണിച്ചുകൊണ്ടിരിക്കുന്ന ഇരട്ടത്താപ്പ് സമീപനത്തെക്കുറിച്ച് നിയമസഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെന്റിനെ

അറിയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ക്യാബിനറ്റിൽ ചർച്ച ചെയ്ത് അംഗീകരിച്ച അഭിപ്രായങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കത്തുമുഖേന അറിയിച്ചിട്ടുണ്ട്. അതിന്റെ മറുപടി പ്രതീക്ഷിക്കുകയാണ്.

ശ്രീ. ഐ. ബി. സതീഷ്: സർ, വിദ്യാഭ്യാസ മേഖലയിൽ എത്ര സ്ഥാപനങ്ങൾക്കാണ് കിഫ്ബി മുഖേന തുക അനുവദിച്ചിട്ടുള്ളത്; ഈയിനത്തിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വിദ്യാഭ്യാസ മേഖലയിൽ പ്രധാനമായും സ്കൂൾ പദ്ധതികൾക്കാണ് കിഫ്ബിയിലൂടെ ഫണ്ടനുവദിക്കുന്നത്. ഇപ്പോൾ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കാവശ്യമായ തുകയും കഴിഞ്ഞ ബജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. 888 സ്കൂളുകൾ, 11300 ലബോറട്ടറികൾ, 44705 ഹൈടെക്ക് ക്ലാസ് റൂം എന്നിങ്ങനെ 2901 കോടി രൂപയുടെ പദ്ധതികളാണ് സ്കൂൾ മേഖലയ്ക്കുവേണ്ടി മാത്രമായി മാറ്റിവച്ചത്. ഇതിൽ 269 സ്കൂളും 44705 ഹൈടെക്ക് ക്ലാസ് മുറികളും 11257 ലാബുകളും പൂർത്തീകരിച്ചുകഴിഞ്ഞു. നാളിതുവരെ 1780 കോടി രൂപ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്. കൂടാതെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ എല്ലാ സർവ്വകലാശാലയിലും

ആധുനികസൗകര്യങ്ങളോടുകൂടിയ ഗവേഷണശാലകളും സൗകര്യങ്ങളും ഏർപ്പെടുത്താനുള്ള തുകയും മാറ്റിവച്ചിട്ടുണ്ട്. ഏകദേശം 600 കോടി രൂപയിലധികം രൂപയാണ് ഈ വർഷം ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചിട്ടുള്ളത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിന്റെ വികസനത്തിൽ പശ്ചാത്തലസൗകര്യ വികസനമേഖലയിലെ ബദൽ മാർഗ്ഗമായ കിഫ്ബിയെ തകർക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമം കുറച്ചുകാലമായി തുടരുകയാണ്. മസാല ബോണ്ട് വിവാദം അത്തരത്തിൽ ഉയർന്നുവന്ന ഒന്നാണ്. റിസർവ് ബാങ്കിന്റെ അനുമതിയില്ല, സഭാ നിയമത്തിന്റെ ലംഘനമാണ് എന്നൊക്കെയുള്ള ആക്ഷേപമായിരുന്നു മസാല ബോണ്ടിനെപ്പറ്റി ഉയർന്നുവന്നിരുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ പി.ഡി പ്രകാരം ഇതിന് റിസർവ് ബാങ്കിന്റെ അനുമതി ഉണ്ടായിരുന്നുവെന്നും നിയമലംഘനം ഉണ്ടായിട്ടില്ലെന്നും വന്നിട്ടുണ്ട്. എന്നാലിപ്പോൾ ബജറ്റിന് പുറത്തുള്ള വിഭവസമാഹരണത്തിൽ പ്രത്യേകിച്ച് കടത്തിന്റെ പരിധിയിൽ കേരളത്തെ ഉൾപ്പെടുത്തിയിരിക്കുകയാണ്. പക്ഷേ, External Subsidiary resources സർക്കാരിന്റെ പൊതു കടത്തിൽ ഉൾപ്പെടുത്തില്ലെന്ന് കേന്ദ്ര

ധനകാര്യ വകുപ്പുമന്ത്രി പാർലമെന്റിൽ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞ സഹചര്യത്തിൽ കേരളത്തോട് ഇങ്ങനെയൊരു നിലപാടിനെതിരെ എന്ത് സമീപനമാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്; നിയമ-ഭരണപരമായ നിലയിൽ ഇക്കാര്യത്തിൽ ഇടപെടാൻ സർക്കാരിന് സാധിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ: </u>സർ, കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നിലപാടിന്റെ പൊള്ളത്തരം അദ്ദേഹംതന്നെ പാർലമെന്റിൽ ഒരു ചോദ്യത്തിന് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. രാഷ്ട്രീയമായി ഈ പ്രശ്നത്തെ സമീപിക്കാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. എങ്കിലും  ലോകസഭയിൽ പ്രസ്തുത മറുപടിയെത്തുടർന്ന് കേരളത്തോട് ഇങ്ങനെയൊരു സമീപനം സ്വീകരിക്കുന്നത് എന്തുകൊണ്ടാണെന്ന് അപ്പോൾതന്നെ കേരളത്തിൽ നിന്നുള്ള എം.പി. മാർ ചോദിക്കേണ്ടതായിരുന്നു. കേരളത്തിന്റെ താല്പര്യത്തിനുവേണ്ടി കേരളത്തിലെ 18 മാർ പാർലമെന്റിൽ അക്കാര്യം ഉന്നയിക്കേണ്ടതായിരുന്നു, കേരളത്തിന്റെ താല്പര്യം പരിഗണിച്ചെങ്കിലും അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട ഫോറമായ കേരളത്തിലെ എം.പി.മാർ അക്കാര്യം

ഉന്നയിച്ചില്ലെന്ന കാര്യത്തിലുള്ള വിഷമം ഞാൻ പറയുന്നുവെന്നെയുള്ളൂ. രാഷ്ട്രീയമായി വിമർശിക്കാനല്ല. ഇക്കാര്യത്തിൽ നിയമപരമായിട്ടുള്ള സമീപനം സ്വീകരിക്കണം. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന സമീപനങ്ങൾ ശരിയല്ലെന്നുള്ള നിയമോപദേശമാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്. അതുസംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. ഈ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രധാനമന്ത്രിക്കുതന്നെ കത്ത് കൊടുത്തിട്ടുണ്ട്. ഇക്കാര്യം നേരത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായമായി ഭരണഘടനാപരവും നിയമപരവുമായ കാര്യങ്ങളുമുന്നയിച്ച് ഇക്കാര്യം വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേരളത്തിന്റെ സമസ്ത മേഖലയുമായി 80,000 കോടി രൂപയുടെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ച് നീങ്ങണം. ഇന്ത്യൻ പാർലമെന്റിൽ ഇക്കാര്യത്തെ സംബന്ധിച്ച് ഏറ്റവും സജീവമായി പറയാൻ പറ്റുന്നത് കോൺഗ്രസ് എം.പി.മാർക്കാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭരണപക്ഷത്തുനിന്നുള്ള രണ്ട് എം.പി.മാർ മാത്രമാണ് ലോകസഭയിലുള്ളത്.

18 എം.പി.മാർ അപ്പുറത്തു നിന്നുള്ളവരാണ്. അതുകൊണ്ട് നിങ്ങൾ ഒരു കാര്യം ഉറപ്പാക്കണം. പാർലമെന്റ് പോലുള്ള വേദികളിൽ കേരളത്തോട് കാണിക്കുന്ന വിവേചനപരമായ നിലപാട് അവസാനിപ്പിക്കാനും കിഫ്ബി, സംസ്ഥാനത്തിന്റെ ബോറോയിങ്ങ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ഉന്നയിക്കാൻ തയ്യാറാവണം. അതിന് എം.പി.മാരുടെ എല്ലാവിധ സഹായവുമുണ്ടാകണം. അതാണ് നിയമപരമായ കാര്യങ്ങളോടൊപ്പം ചെയ്യേണ്ട മറ്റ് കാര്യങ്ങൾ.

ശ്രീ. വി. ജോയി: സർ, കേരളത്തിൽ ഇന്ന് കാണുന്ന എല്ലാ വികസന പ്രവർത്തനങ്ങൾക്കും അത് റോഡാണെങ്കിലും പാലങ്ങളാണെങ്കിലും കെട്ടിടങ്ങളാണെങ്കിലും അതിൽ കിഫ്ബിയുടെ പങ്ക് വളരെ വലുതാണ്. ഭരണ പക്ഷത്താണെങ്കിലും പ്രതിപക്ഷത്താണെങ്കിലും ഈയൊരു സഹായം വളരെ പ്രധാനപ്പെട്ട ഒന്നാണ്. കിഫ്ബിയുടെ പ്രവർത്തനങ്ങൾക്ക് തടയിടുന്നതിനുവേണ്ടി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നടത്തുന്ന ശ്രമങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടുണ്ടാവും. ഇതിനെതിരെ ആർ.ബി.ഐ. എന്ത് മറുപടിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നടത്തുന്ന ശ്രമങ്ങളെ സംബന്ധിച്ച് ധാരാളം വാർത്തകൾ എല്ലാവരും വായിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിസർവ് ബാങ്ക് പറഞ്ഞൊരു കാര്യമുണ്ട്; എല്ലാ നോംസും നിയമവുമനുസരിച്ച് അവരുടെ അഭിപ്രായം ആരാഞ്ഞതിനുശേഷമാണ് മസാലാ ബോണ്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തിട്ടുള്ളത്. സാധാരണഗതിയിൽ എല്ലാ ധനകാര്യനിയമങ്ങളും റിസർവ് ബാങ്കാണ് നോക്കുന്നത്. അതുകൊണ്ട് അക്കാര്യത്തെ സംബന്ധിച്ച് അങ്ങനെ പറഞ്ഞുവെങ്കിലും രാഷ്ട്രീയമായി ഇക്കാര്യങ്ങളെ കാണുന്ന തരത്തിലാണ് ഇ.ഡി. യുടെ പ്രവർത്തനം എന്നുള്ള അതിശക്തമായ പ്രശ്നം നിൽക്കുകയാണ്. കേരളത്തിന്റെ ഇത്തരം കാര്യങ്ങളെ സംബന്ധിച്ചും അതിനെപ്പറ്റി എം.പി.മാർ പാർലമെന്റിൽ ഉന്നയിക്കേണ്ടതിനെപ്പറ്റിയുമൊക്കെ വളരെ ഗൗരവമായി പറഞ്ഞിട്ടും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അത് കേട്ടതായി പോലും നടിച്ചതേയില്ല. അദ്ദേഹം അത് കേൾക്കേണ്ടതും അതിനെപ്പറ്റി പ്രതികരണം നടത്തേണ്ടതുമായിരുന്നു എന്നതാണ് എന്റെ അഭിപ്രായം. ഇപ്പോൾ ഇ.ഡി.യുടെ കാര്യത്തിൽ നേരത്തെ

സൂചിപ്പിച്ചതുപോലെ കോൺഗ്രസിന്റെ കഴിഞ്ഞ പ്ലീനറി സമ്മേളനത്തിലുൾപ്പെടെ ഇ.ഡി. യുടെ പൊതുവായ നിലപാടുകളെപ്പറ്റിയും രാഷ്ട്രീയ സമീപനത്തെപ്പറ്റിയുമെല്ലാം പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തെയും രാഷ്ട്രീയമായി ഉപയോഗിക്കുന്ന തരത്തിലേയ്ക്കുള്ളൊരു ഏജൻസിയെന്ന നിലയിലേയ്ക്ക് ഇ.ഡി. മാറുന്നുവെന്നുള്ള അതിശക്തമായ പ്രശ്നം നിലനിൽക്കുകയാണ്. അതുതന്നെയാണ് ഇപ്പോൾ പ്രയോഗത്തിൽ കാണുന്നത്. റിസർവ് ബാങ്ക് പറഞ്ഞ കാര്യങ്ങളും കേരളത്തിലെ കിഫ്ബിയും മറ്റ് ഏജൻസികളും എടുത്ത നിലപാടുകളും നൂറ് ശതമാനം നിയമപരമായും ഭരണപരമായും ധനകാര്യ നിയമമനുസരിച്ചും ശരിയാണെന്ന് തെളിയിക്കുന്നതാണ്.

ശ്രീ. പി. വി. ശ്രീനിജിൻ ചുമതലപ്പെടുത്തിയത് പ്രകാരം (ശ്രീ. കെ.ഡി. പ്രസേനൻ): സർ, കാൽനൂറ്റാണ്ടാകാലം കൊണ്ട് നടത്തേണ്ട പ്രാദേശിക പ്രവർത്തനങ്ങൾ ഒറ്റയടിക്ക് ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കിഫ്ബിയുടെ പല പ്രവൃത്തികളും സമയബന്ധിതമായി ആരംഭിക്കാൻ കഴിയുന്നില്ല. സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനും മറ്റുമായി സർവ്വെ വകുപ്പിന് ആവശ്യമായ സർവ്വെയർമാരെ കിട്ടുന്നില്ലെന്നതാണ് അതിന്റെ

പ്രധാനപ്പെട്ട കാരണമായി ചൂണ്ടിക്കാണിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഏതെങ്കിലും അക്രഡിറ്റഡ് ഏജൻസികളെ സമാന്തരമായി നിയോഗിച്ച് സർവ്വെ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കാൻ നേതൃത്വം കൊടുക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുസംബന്ധിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി സർവ്വെ മേഖലയിൽ ധാരാളം പുതിയ ഉദ്യോഗസ്ഥന്മാർക്ക് ചുമതലകൾ ഏൽപ്പിച്ചിട്ടുണ്ട്. അതിലേയ്ക്കായി അഡീഷണലായി ആളുകളെ പ്രത്യേക സമയത്തേക്ക് റിക്രൂട്ട് ചെയ്തിട്ടുണ്ട്. ഇനിയും ഇതുകാരണം യാതൊരു തടസ്സവും വരില്ല. കാരണം പ്രോജക്ട് ബേയ്സായി ഇക്കാര്യങ്ങൾ ചെയ്യുന്നതിന് സജ്ജീവമായി ഇടപെടൽ നടത്തും. ഇപ്പോൾത്തന്നെ അക്കാര്യങ്ങൾക്കായി ധാരാളം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

## സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ

(*335) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടന പ്രകാരം സംസ്ഥാന പട്ടികയിൽ വരുന്ന സഹകരണ മേഖലയിൽ സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തുന്ന തരത്തിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും ക്ഷീര, മത്സ്യ സഹകരണ സംഘങ്ങളും ആരംഭിക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാര്യം പരിശോധിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാടിനെതിരെ നിയമ നടപടികൾ ഉൾപ്പെടെ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ?

(എ) സഹകരണ മന്ത്രാലയം രൂപീകരിച്ചശേഷം കേന്ദ്ര സർക്കാർ സഹകരണ മേഖലയിൽ സ്വീകരിച്ചുവരുന്ന നടപടികൾ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്.

- സംസ്ഥാന സഹകരണ സ്ഥാപനങ്ങളെ നേരായ മാർഗ്ഗത്തിലല്ലാതെ നിയന്ത്രിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക്

ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ വ്യക്തിപരമായ വിവരങ്ങൾ സഹിതം കേന്ദ്ര സർവ്വറിലേയ്ക്ക് അപ്‌ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാർ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത ബൈലാ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു ഏകീകൃത ബൈ ലാ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഹകരണ നിയമത്തിൽ വ്യവസ്ഥകൾ പ്രകാരമെ ബൈലാ തയ്യാറാക്കാൻ അധികാരമുള്ളൂ. അതിനാൽ ഇത്തരം നീക്കങ്ങൾ സഹകരണ തത്വങ്ങൾക്ക് വിരുദ്ധമാണ്.

- **<u>ഡാറ്റാ ബേസ്</u>** : രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഡയറി സംഘങ്ങൾ, മത്സ്യസംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ കേന്ദ്രം തയ്യാറാക്കുന്ന ഡാറ്റാ ബേസിലേയ്ക്ക് നൽകണമെന്ന നിർദ്ദേശം കേന്ദ്ര സഹകരണ മന്ത്രാലയം നൽകിയിരുന്നു. രാജ്യത്തെ ഇത്തരം സംഘങ്ങളെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുന്നതിലൂടെ കർഷകർക്കും

മത്സ്യതൊഴിലാളികൾക്കും ക്ഷീരകർഷകർക്കും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലൊരു ഡാറ്റ ബേസ് തയ്യാറാക്കുന്നതെന്നാണ് അറിയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളുടെയും സംഘങ്ങളുടെയും അടിസ്ഥാനവിവരങ്ങൾ പ്രസ്തുത ഡാറ്റാ ബേസിലേയ്ക്ക് നൽകുകയും ചെയ്തു.

- കേന്ദ്ര സർക്കാർ സഹകരണ മേഖലയിലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാരംഭിക്കുന്നതിന് ദേശീയതലത്തിൽ 3 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി
2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി
3. ജൈവ ഉല്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

എന്നിവയാണ് രൂപീകരിക്കാൻ തീരുമാനിച്ച പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ

അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.

സഹകരണം ഒരു സംസ്ഥാന വിഷയമാണെന്ന് ഭരണഘടന നിഷ്കർഷിക്കുകയും സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്ന പേരിൽ സ്ഥാപനങ്ങൾ ആരംഭിച്ച് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ നിയമപരമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത് ഇത്തരം സമീപനങ്ങളെ നിയമപരമായും രാഷ്ട്രീയപരമായും നേരിടുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാടിനെതിരെ നിയമവശങ്ങൾ പരിശോധിച്ചശേഷം നിയമനടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുന്നതാണ്.

(സി) സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. സംഘങ്ങളുടെ കരുതൽ ധനവും, അഗ്രിക്കൾച്ചറൽ ക്രെഡിറ്റ്, സ്റ്റെബിലൈസേഷൻ ഫണ്ട്, ഗവൺമെന്റ് സഹായം എന്നിവ ഉപയോഗിച്ച്, സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സഹകരണ നിക്ഷേപ പ്രോത്സാഹന പുനരുദ്ധാരണ നിധി പദ്ധതി നടപ്പിലാക്കുന്നതാണ്.

2. സഹകരണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു.

3. സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ പ്രതിമാസ നിക്ഷേപ പദ്ധതികൾക്ക് ഒരു ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

4. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേയ്ക്കായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ സഹകരണ വിജിലൻസ്, സഹകരണ ആഡിറ്റ് എന്നീ വിഷയങ്ങളിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണ രംഗത്ത് ഉയർന്നുവരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ രീതിയിലും സമഗ്ര നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, കർഷകരുടെ ക്ഷേമത്തിന് ഊന്നൽ നൽകുന്നതിനും 2022-2023 സാമ്പത്തിക വർഷം മുതൽ ഒരു പുതിയ സംരംഭമായ “ സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി” ആരംഭിച്ചിരിക്കുന്നു. ടി പദ്ധതിക്കായി 2250 ലക്ഷം രൂപ

നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദനം, സമാഹരണം (വീട്ടു പടിക്കൽ ശേഖരണം), സംഭരണം, മൂല്യവർദ്ധിത ഉല്പന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

7. കേരള ബാങ്കിലെ എല്ലാ ബ്രാഞ്ചുകളുടെയും പ്രവർത്തനത്തെ കോർത്തിണക്കി സമ്പൂർണ്ണ സി.ബി.എസ് സിസ്റ്റം നടപ്പിലാക്കി എല്ലാ സേവനങ്ങളും ഓൺലൈനായി ഇടപാടുകാർക്ക് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

8. സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത ഗുണമേന്മയുള്ള ഉല്പന്നങ്ങൾ, ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതുട്രേഡ് മാർക്കോടെ ഇ- കോമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

9. സഹകരണ സംഘങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും, വില്പന നടത്തുന്നതിനും, അവരുടെ ബിസിനസ് പ്രൊമോട്ട് ചെയ്യുന്നതിനുമുള്ള വേദിയൊരുക്കുന്നതിനായി സഹകരണ എക്സ്പോ – എല്ലാ വർഷവും ഏറ്റെടുത്തുനടത്തുന്നു.

10. സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് വിവിധ പദ്ധതികളിലുൾപ്പെടുത്തി സംഘങ്ങൾക്ക് സഹായ ധനം അനുവദിച്ചുവരുന്നു.

11. ചെറുകിട വഴിയോര കച്ചവടക്കാർ, ചെറുസംരംഭകർ എന്നിവർക്കായി വായ്പ നൽകുന്ന പദ്ധതി ആവിഷ്കരിച്ചു വരുന്നു.

12. വ്യക്തികൾക്ക് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിനായി വായ്പകൾ നൽകുന്ന പദ്ധതി ആവിഷ്കരിച്ചു വരുന്നു.

13. തൊഴിൽ അന്വേഷകർക്കും, നൈപുണ്യ വികസനത്തിൽ പരിശീലനം തേടുന്ന വിദ്യാർത്ഥികൾക്കും, യുവജനങ്ങൾക്കും സ്കിൽ ലോൺ അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, സഹകരണ ബാങ്കുകളെയെല്ലാം യോജിപ്പിച്ചുകൊണ്ട് ത്രിതല സംവിധാനത്തിൽ നിന്നും ടൂ ടയർ സംവിധാനത്തിലേയ്ക്ക് വന്നതിന്റെ അടിസ്ഥാനത്തിലാണ് കേരളാ ബാങ്ക് നിലവിൽ വന്നത്. കേരളാ ബാങ്ക് വന്നപ്പോൾ മലപ്പുറം ജില്ലാ ബാങ്ക് അതിൽ നിന്നും മാറി നിൽക്കുകയും അവർ കേസ് കൊടുക്കുകയും ചെയ്തിരുന്നു. അതിന്റെ ഇപ്പോഴത്തെ നിലയെന്താണെന്ന് വ്യക്തമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഇപ്പോൾ മലപ്പുറം ജില്ലാ ബാങ്ക് കേരളാ ബാങ്കിൽ ലയിച്ച് അതിന്റെ എല്ലാ ശാഖകളും (54 ശാഖകൾ) കേരളാ ബാങ്കിന്റെ ഭാഗമായി പ്രവർത്തിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന കാര്യം അറിയിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)